16
ബുധൻ
നവംബർ 2022
1198 തുലാം 30
Vol 4 Issue No 319

# കേരള പ്രണാമം

സത്യം വദ: ധർമ്മം ചര:

തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്

₹ 7.50
പേജ് 08
www.keralapranamam.com
infokeralapranamam@gmail.com










# ഗവർണർക്കെതിരെ രാജ്ഭവൻ വളഞ്ഞ് എൽഡിഎഫ് കൂറ്റൻ മാർച്ച്

## മുഖ്യമന്ത്രി പിണറായി വിജയനും മന്ത്രിമാരും ഗവർണർക്കെതിരായ മാർച്ചിൽ നിന്നും വിട്ടുനിന്നു. ഗവർണർ രാജ്ഭവനിൽ ഉണ്ടായിരുന്നില്ല.

**തിരുവനന്തപുരം :** ഗവർണർ ആരിഫ് മുഹമ്മദ് ഖാനെതിരെ എൽഡിഎഫ് നടത്തുന്ന ശക്തമായ പ്രതിഷേധത്തിന്റെ ഭാഗമായി ആയിരക്കണക്കിന് പ്രവർത്തകർ രാജ്ഭവനിലേക്ക് മാർച്ച് നടത്തി. ഉന്നതവിദ്യാഭ്യാസ സംരക്ഷണ സമിതിയുടെ പേരിൽ നടന്ന മാർച്ച് സിപിഎം ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരി ഉദ്ഘാടനം ചെയ്തു. ഡിഎംകെ രാജ്യസഭാ നേതാവ് തിരുച്ചി ശിവ, സിപിഐ സംസ്ഥാന സെക്രട്ടറി കാനം രാജേന്ദ്രൻ, സിപിഎം സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ, കേരളാ കോൺഗ്രസ് ചെയർമാൻ ജോസ് കെ. മാണി അടക്കമുള്ള നേതാക്കൾ മാർച്ചിൽ അണിനിരന്നു. മുഖ്യമന്ത്രി പിണറായി വിജയനും മന്ത്രിമാരും ഗവർണർക്കെതിരായ മാർച്ചിൽ നിന്നും വിട്ടുനിന്നു. ഗവർണർ രാജ്ഭവനിൽ ഉണ്ടായിരുന്നില്ല.
ഹിന്ദുത്വ അജൻഡ നടപ്പാക്കാൻ കേന്ദ്രം ഉന്നത വിദ്യാഭ്യാസ മേഖലയെ ദുരുപയോഗം ചെയ്യുന്നുകയാണെന്നും അതിന് അനുവദിക്കില്ലെന്നും സിപിഎം ജനറൽ സെക്രട്ടറി സിതാറാം യെച്ചൂരി പ്രഖ്യാപിച്ചു. യുജിസി മാർഗനിർദേശമാണ് പ്രധാനം എന്ന വാദം അംഗീകരിക്കാനാവില്ല. രാജ്യത്തെ ഉന്നത വിദ്യാഭ്യാസ മേഖല സംരക്ഷിക്കാനുള്ള കേരളത്തിന്റെ പോരാട്ടത്തിൽ ബിജെപി ഇതര സംസ്ഥാനങ്ങൾ കേരളത്തിന് ഒപ്പം ചേരണമെന്ന നിർദ്ദേശവും യെച്ചൂരി മുന്നോട്ട് വെച്ചു.
വിദ്യാഭ്യാസ മേഖലയിലെ കാവിവൽക്കരണം അനുവദിക്കില്ല എന്ന പ്രഖ്യാപനമാണ് രാജ്ഭവൻ ഉപരോധത്തിൽ പ്രകടമായതെന്ന് സിപിഐഎം സംസ്ഥന സെക്രട്ടറി എം വി ഗോവിന്ദനും പ്രഖ്യാപിച്ചു. രാജ്യത്തെ ഉന്നത വിദ്യാഭ്യാസ മേഖല സംരക്ഷിക്കാൻ ഉള്ള കേരളത്തിന്റെ പോരാട്ടം ചരിത്രപരമാണെന്നും സിപിഐഎം സംസ്ഥാന സെക്രട്ടറി പറഞ്ഞു. വിസിമാരെ നിയമിച്ചത് ഗവർണറാണ്. മൂന്നു പേരുടെ പട്ടിക വേണമായിരുന്നുവെങ്കിൽ ഗവർണർ അന്ന് ആവശ്യപ്പെടണമായിരുന്നുവെന്നും എംവി ഗോവിന്ദൻ കൂട്ടിച്ചേർത്തു.
ഗവർണർ കോടതിയാകേണ്ടെന്ന് പ്രതിഷേധത്തിൽ പങ്കെടുത്ത് സിപിഐ സംസ്ഥാന സെക്രട്ടറി കാനം രാജേന്ദ്രനും തുറന്നടിച്ചു. കേരള സർവ്വകലാശാലയുടെ ആദ്യ ചാൻസിലർ രാജാവ് ആയിരുന്നു. ഇപ്പോൾ ഗവർണർ ഞാനാണ് മഹാരാജാവെന്ന് കരുതുകയാണെന്നും കാനം പരിഹസിച്ചു.




**തിരുവനന്തപുരം** എൽഡിഎഫ് മാർച്ച് നടത്തി സമ്മർദം ചെലുത്തേണ്ടെന്ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ. പ്രതിഷേധിക്കാൻ എല്ലാവർക്കും അവകാശമുണ്ട് എന്നാൽ സമ്മർദം ചെലുത്താമെന്ന് കരുതേണ്ട. താൻ സമ്മർദത്തിന് വഴങ്ങുന്നയാളല്ലെന്ന് ഗവർണർ വ്യക്തമാക്കി. ഡൽഹിയിൽ മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം
ജനാധിപത്യത്തിൽ പ്രതിഷേധിക്കാനുള്ള അവകാശത്തെ മാനിക്കുന്നു. സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസം സർക്കാർ ഇടപെട്ടാണ് തകർത്തതെന്ന് ഗവർണർ വിമർശിച്ചു. ഭരണകാര്യങ്ങളിൽ ഒരിക്കലെങ്കിലും ഇടപെട്ടത് ചൂണ്ടിക്കാണിച്ചാൽ രാജിവയ്ക്കാൻ തയ്യാറാണ്. ഡൽഹിക്ക് പുറപ്പെടുന്നത് വരെ തന്റെ പക്കലേക്ക് സർക്കാരിന്റെ ഒരു ഓർഡിനൻസും എത്തിയിരുന്നില്ലെന്ന് ഗവർണർ പറഞ്ഞു. ഇത് എത്ര തവണ പറയമെന്ന് തനിക്കറിയില്ല. കിട്ടാത്ത കാര്യത്തെ കുറിച്ച് എനിക്ക് പറയാൻ കഴിയില്ല.
നിയമവിരുദ്ധമായി സർവകലാശാലകളുടെ പ്രവർത്തനത്തിൽ ഇടപെടാൻ ആർക്കും കഴിയില്ല. സർവകലാശാലകളുടെ നടത്തിപ്പ് ചുമതല ഗവർണർക്കാണ്. സർക്കാരിനെ നയിക്കേണ്ട ചുമതല തെരഞ്ഞെടുക്കപ്പെട്ട സർക്കാരിനും. ആരെങ്കിലും ദിവസവും സർവകലാശാലകളുടെ പ്രവർത്തനത്തിൽ ഇടപെടുകയാണെങ്കിൽ സുപ്രീം കോടതിയും ഹൈക്കോടതിയും ഇക്കാര്യത്തിൽ നിലപാട് വ്യക്തമാക്കിയിട്ടുണ്ട്.
രാജ്യത്തെല്ലായിടത്തും സർവകലാശാലകളുടെ നടത്തിപ്പ് ചാൻസലർക്കാണ്. ഞാൻ സർക്കാരിന്റെ പ്രവർത്തനത്തിൽ ഇടപെട്ടെന്ന് പറയുന്ന ഒരു സംഭവം ചൂണ്ടിക്കാട്ടിയാൽ താൻ അപ്പോൾ തന്നെ രാജിവെക്കാം. എന്നാൽ തനിക്ക് ആയിരം ഇത്തരം ഇടപെടലുകൾ കാണിച്ചുതരാനാവും.
സർവകലാശാലകളെ ഭരണകക്ഷിയുടെ വകുപ്പാക്കി മാറ്റാൻ കഴിയില്ല. ഞാൻ വ്യക്തികളെ കുറിച്ചല്ല, കേരളത്തിലെ വിദ്യാർത്ഥികളെ കുറിച്ചാണ് ചിന്തിക്കുന്നത്. അവർ ഉന്നത വിദ്യാഭ്യാസത്തിനായി കേരളം വിടുന്നു. കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസം മികച്ചതാണ്. എന്നാൽ കേരളത്തിലെ സർവകലാശാലകളുടെ സ്ഥിതി അതല്ലെന്നും ഗവർണർ വ്യക്തമാക്കി.






# സുരേന്ദ്രന്റെ വിഡ്ഢിത്തം കേട്ടവർ ചിരി നിർത്തിക്കാണില്ല; സംഘിമനസ് പിണറായിക്കും സഖാക്കൾക്കും– സുധാകരൻ

**തിരുവനന്തപുരം:** ബി.ജെ.പി. സംസ്ഥാന അധ്യക്ഷൻ കെ. സുരേന്ദ്രന്റെ പ്രസ്താവനയ്ക്ക് മറുപടിയുമായി കെ.പി.സി.സി. അധ്യക്ഷൻ കെ. സുധാകരൻ. തന്റെ മനസ്സ് ബി.ജെ.പിക്കൊപ്പം എന്ന കെ. സുരേന്ദ്രന്റെ വിഡ്ഢിത്തം കേട്ടവർ ഇപ്പോഴും ചിരി നിർത്തിക്കാണില്ലെന്ന് സുധാകരൻ പറഞ്ഞു. എ.കെ.ജി. സെന്ററിൽ നിന്ന് തന്നെയാണ് സുരേന്ദ്രനും പ്രസ്താവനകൾ എഴുതി നൽകുന്നത് എന്നതിനുള്ള തെളിവാണ് ഇതെന്നും അദ്ദേഹം വാർത്താകുറിപ്പിൽ പറഞ്ഞു.കെ. സുധാകരന്റെ ആർ.എസ്.എസ് അനുകൂല നിലപാട് കേരളത്തിലെ കോൺഗ്രസ്സുകാരുടെ മനസ്സാണ് എന്നായിരുന്നു സുരേന്ദ്രന്റെ പരാമർശം. ക്ഷണിക്കാതെ തന്നെ കൂടുതൽ കോൺഗ്രസ്സുകാർ ബി.ജെ.പിയിലേക്കു വരുമെന്നും ബി.ജെ.പിയിൽ ചേരുകയല്ലാതെ കോൺഗ്രസ്സുകാർക്ക് മറ്റു മാർഗമില്ലെന്നും സുരേന്ദ്രൻ ചൊവ്വാഴ്ച കോഴിക്കോട്ട് പറഞ്ഞിരുന്നു.
'കൊടകര കുഴൽപ്പണക്കേസ് ഒതുക്കിത്തീർത്തതിനുള്ള രാഷ്ട്രീയ പാരിതോഷികങ്ങളാണ് ഇത്തരം പ്രസ്താവനകളെന്ന് സമകാലിക കേരള രാഷ്ട്രീയം പഠിക്കുന്ന ഏതൊരാൾക്കും മനസ്സിലാകും. എന്റെ മനസ്സ് കേരള ജനതയ്ക്കൊപ്പമാണ്. കഴിഞ്ഞ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള ഉപതിരഞ്ഞെടുപ്പിൽ സുരേന്ദ്രന്റെയും പിണറായിയുടെയും സീറ്റുകൾ വലിയ തോതിൽ നഷ്ടപ്പെട്ടു. തൃക്കാക്കരയിൽ അതിദയനീയമായി രണ്ടുപേരും തോറ്റു. ജോഡോ യാത്രയിൽ വൻ ജനാവലി രാഹുൽ ഗാന്ധിയ്ക്കൊപ്പം ഹൃദയം ചേർന്നു നടന്നു. ഇതിനെയെല്ലാം സി.പി.എമ്മും ബി.ജെ.പിയും ഒരു പോലെ ഭയന്നു. ബി.ജെ.പിയുടെ സംഹാരാത്മക രാഷ്ട്രീയത്തിനെതിരെ ഇന്ത്യൻ മനസ്സാക്ഷിയുണർത്താനുള്ള രാഹുൽ ഗാന്ധിയുടെ ഭാരത് ജോഡോ യാത്രയെ തോൽപ്പിക്കാൻ പിണറായി – സുരേന്ദ്ര കക്ഷികളുടെ നെട്ടോട്ടം കേരളം കണ്ടതാണ്. ഇതിൽനിന്നെല്ലാം മുഖം രക്ഷിക്കാൻ എന്റെ പ്രസംഗങ്ങളിലെ ചില ഭാഗങ്ങൾ അടർത്തിയെടുത്തു രണ്ടുകൂട്ടരും ഒരുമിച്ചു നടത്തുന്ന പന്ത് തട്ടിക്കളിയാണ് കേരളം കാണുന്നത്. കോൺഗ്രസുകാരെ ബി.ജെ.പിയിലേക്ക് ക്ഷണിക്കുന്ന സുരേന്ദ്രന്റെ വിടുവായിത്തം അർഹിക്കുന്ന അവജ്ഞയോടെ തള്ളിക്കളയുന്നു, സുധാകരൻ വാർത്താക്കുറിപ്പിൽ പറഞ്ഞു.
'ഇ.ഡിയോട് പോയി പണി നോക്കാൻ പറഞ്ഞ സോണിയയുടെയും രാഹുലിന്റെയും അനുയായികളാണ് ഞങ്ങൾ, അവരെ കണ്ടാൽ മുട്ട് വിറക്കുന്നവരല്ല. ബി.ജെ.പിയെ സുഖിപ്പിക്കാൻ അമിത് ഷായെ ജവഹർലാൽ നെഹ്റുവിന്റെ പേരിലുള്ള വള്ളംകളിയ്ക്ക് ഞങ്ങൾ ക്ഷണിച്ചിട്ടില്ല. കണ്ണൂർ വിമാനത്താവളത്തിൽ പ്രഥമാതിഥിയായി ഇറക്കിയിട്ടില്ല. ഭരണമികവ് പഠിക്കാൻ ന്യൂനപക്ഷ വേട്ടയുടെ നാട്ടിലേക്ക് സർക്കാർ പ്രതിനിധികളെ അയച്ചിട്ടില്ല. ആഭ്യന്തര മന്ത്രിമാരുടെ യോഗത്തിൽ നരേന്ദ്രമോദിയ്ക്കുമുന്നിൽ ശിരസ്സ് കുനിച്ചിട്ടില്ല. ഇതെല്ലാം ചെയ്ത പിണറായിയും സഖാക്കളുമാണ് സംഘി മനസ്സുള്ളവർ എന്ന് കേരളത്തിൽ ആർക്കാണറിയാത്തത്'– സുധാകരൻ ആരാഞ്ഞു.
ജീവനുള്ള ഒരു കോൺഗ്രസുകാരനും ബി.ജെ.പിക്കൊപ്പം വരില്ലെന്നും മരിച്ചു കഴിഞ്ഞാലും അയാളുടെ ഓർമ്മകൾ ബി.ജെ.പിക്കെതിരെ ശബ്ദിച്ചു കൊണ്ടിരിക്കുമെന്നും സുധാകരൻ പറഞ്ഞു.




# രാജ്യത്ത് വായുമലിനീകരണം രൂക്ഷം; ബിഹാറിൽ തുടർച്ചയായ രണ്ടാം ദിവസവും സ്ഥിതി ഗുരുതരം

**പട്ന:** രാജ്യത്ത് വായുമലിനീകരണം ഏറ്റവും കൂടുതൽ അനുഭവപ്പെടുന്നത് ബിഹാറിലെന്ന് റിപ്പോർട്ട്. സംസ്ഥാനത്തെ മോതിഹാരി, സിവാൻ, ദർഭംഗ തുടങ്ങിയ നഗരങ്ങളിൽ വായുഗുണനിലവാര സൂചിക ഗുരുതര വിഭാഗത്തിലായിരുന്നു. ഇവിടങ്ങളിൽ വായുഗുണനിലവാര സൂചിക (എ.ക്യു.ഐ) യഥാക്രമം 419, 417, 404 എന്നിങ്ങനെ ആയിരുന്നു.
വായുഗുണനിലവാര സൂചിക 400 കടക്കുന്നത് വളരെ ഗുരുതരമെന്നാണ് കണക്കാകപ്പെടുന്നത്. കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡാണ് കണക്കുകൾ പുറത്തു വിട്ടത്. തുടർച്ചയായ രണ്ടാം ദിവസമാണ് വായുഗുണനിലവാരം മോശം നിലവാരത്തിൽ തുടർന്നത്.
സംസ്ഥാനത്തെ മറ്റ് പതിനൊന്ന് ഇടങ്ങളിൽ വായുഗുണനിലവാര സൂചിക വളരെ മോശം വിഭാഗത്തിലുമാണ്. ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും ശീതക്കാല കാലാവസ്ഥയുമാണ് വായുഗുണനിലവാരം മോശം നിലവാരത്തിൽ തുടരുന്നതിന് പിന്നിലെ കാരണമെന്നാണ് കണക്കാക്കപ്പെടുന്നത്.

## ആശാൻ

സർവകലാശാലകളുടെ നടത്തിപ്പ് ചാൻസലർക്ക്, മാർച്ച് നടത്തി സമ്മർദം ചെലുത്തേണ്ട ന്ന് ഗവർണർ



കടലാസു പുലി മാത്രം ...

# TRS എം.എൽ.എമാരെ കൂറുമാറ്റാൻ ശ്രമിച്ചെന്ന കേസ്; തെലങ്കാന പോലീസ് കേരളത്തിൽ, കൊല്ലത്ത് പരിശോധന

**കൊച്ചി:** തെലങ്കാന ഭരണകക്ഷിയായ ടി.ആർ.എസ്. എം.എൽ.എമാരെ കൂറുമാറ്റാൻ ശ്രമിച്ച കേസിൽ കൊല്ലത്ത് തെലങ്കാന പോലീസിന്റെ പരിശോധന. കൂറുമാറ്റാൻ ബി.ഡി.ജെ.എസ്. നേതാവ് തുഷാർ വെള്ളാപ്പള്ളി എം.എൽ.എമാർക്ക് പണം നൽകിയെന്ന ആരോപണത്തിന്റെ പശ്ചാത്തലത്തിലാണ് പരിശോധന. സംസ്ഥാനത്ത് എത്തിയ അന്വേഷണ സംഘം രണ്ടുസംഘങ്ങളായി കൊച്ചിയിലും കൊല്ലത്തും തുടരുകയാണ്.
തെലങ്കാന മുഖ്യമന്ത്രി കെ. ചന്ദ്രശേഖർ റാവു നേരിട്ടാണ് തുഷാർ വെള്ളാപ്പള്ളിക്കെതിരെ ആരോപണം ഉന്നയിച്ചത്. അതിനാൽ ആരോപണത്തെ ഗൗരവമായാണ് പ്രത്യേക അന്വേഷസംഘം കാണുന്നത്. തുഷാർ വെള്ളാപ്പള്ളി കേസിൽ എത്രത്തോളം ബന്ധപ്പെട്ടിട്ടുണ്ട് എന്ന് വിശദമായി തന്നെ അന്വേഷിച്ചുവരികയാണെന്ന് അന്വേഷണ സംഘം അറിയിച്ചു.
കേസിലെ മുഖ്യപ്രതി സതീഷ് ശർമ്മയെന്ന രാമചന്ദ്രഭാരതിയാണ്. ഇയാൾ കാസർഗോഡുകാരനായ മലയാളിയാണ്. നിലവിൽ ജുഡീഷ്യൽ കസ്റ്റഡിയിലുള്ള ഇയാൾ ഡൽഹിയും ഉത്തർപ്രദേശും കേന്ദ്രീകരിച്ചാണ് ഇയാൾ പ്രവർത്തിക്കുന്നത്. കൊച്ചി കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ജഗ്ഗുസ്വാമി എന്നയാൾ രാമചന്ദ്രഭാരതിയുടെ അടുത്ത സുഹൃത്താണ്. ഇയാളെ അന്വേഷിച്ചാണ് തെലങ്കാന പോലീസിന്റെ അന്വേഷണസംഘം കേരളത്തിൽ എത്തിയത്. എന്നാൽ, പ്രത്യേക അന്വേഷണസംഘം കേരളത്തിൽ എത്തിയതിന് പിന്നാലെ ജഗ്ഗുസ്വാമി ഒളിവിൽ പോയിരുന്നു. ഇയാളെ കണ്ടെത്താനാണ് കൊല്ലത്തും കൊച്ചിയിലും പരിശോധന നടത്തിയത്. ജഗ്ഗുസ്വാമിയുമായി പരിചയമുള്ളവരെ കസ്റ്റഡിയിൽ എടുത്ത് ചോദ്യം ചെയ്തിരുന്നെങ്കിലും വിവരങ്ങളൊന്നും ലഭിച്ചിരുന്നില്ല.
അതേസമയം, കേസുമായി ബന്ധപ്പെട്ട് തെലങ്കാന പോലീസ് തന്നെ സമീപിച്ചിട്ടില്ലെന്നാണ് തുഷാർ വെള്ളാപ്പള്ളി പ്രതികരിച്ചത്. പോലീസ് തനിക്ക് ഇതുവരെ നോട്ടീസ് നൽകിയിട്ടില്ല. എം.എൽ.എമാരെ കൂറുമാറ്റാനുള്ള നീക്കത്തിൽ തനിക്ക് ഒരു പങ്കുമില്ലെന്ന് തുഷാർ വ്യക്തമാക്കുന്നു. എന്നാൽ, രാമചന്ദ്രഭാരതിയെ തനിക്ക് അറിയാമെന്നും തുഷാർ പറഞ്ഞു.





കേരള പ്രണാമം
editorialkeralapranamam@gmail.com

സത്യം വദഃ ധർമ്മം ചരഃ

## നേർക്കാഴ്ച

ലോകത്തിന്റെ വെളിച്ചമാണ് പുസ്തകങ്ങൾ

മഹാത്മാ ഗാന്ധി



# കനത്ത ഭാരം ജനത്തിന് നൽകരുത്

ക്ഷീരകർഷകർക്ക്ആശ്വാസമാകുന്ന പാൽ വില വർധനയ്ക്കുള്ള ശിപാർശയാണ് വിദഗ്ധസമിതി സർക്കാരിനു നൽകിയിരിക്കുന്നത്. എന്നാൽ, പാൽ ലിറ്ററിന് ആറുമുതൽ 10 രൂപ വരെ വില വർധിപ്പിക്കാൻ പോകുന്നുവെന്ന് കേൾക്കുമ്പോൾ നിത്യവും പാലു വാങ്ങുന്ന ഉപഭോക്താക്കളുടെ ഉള്ള് പൊള്ളുമെന്ന് ഉറപ്പ്. സമസ്ത മേഖലയിലും ഉണ്ടായിരിക്കുന്ന വിലക്കയറ്റത്തിന്റെ ഫലമായി പൊറുതിമുട്ടുന്ന ജനത്തിന്റെ പോക്കറ്റ് ഇതിലൂടെ കൂടുതൽ ചോരുന്ന നിലയാണുള്ളത്. കേരളത്തിലെ ക്ഷീരകർഷകർ കടുത്ത പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത്. 2019നു ശേഷം മിൽമ വിലവർധന വരുത്തിയിട്ടില്ലെന്നതും ശ്രദ്ധേയമാണ്. കർഷകരുടെ ആവശ്യങ്ങൾ ഉറപ്പായും സർക്കാരിന്റെ പരിഗണന അർഹിക്കുന്നു. എന്നാൽ, കഷ്ടപ്പാട് അനുഭവിക്കുന്നവരുടെ എല്ലാ പ്രയാസങ്ങളും സാധാരണക്കാരുടെ തലയിൽ കെട്ടിവയ്ക്കുക എന്നതല്ലാതെ ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സർക്കാരിന്റെ കൈയിൽ വേറെ വഴികളൊന്നും ഇല്ലേയെന്ന ചോദ്യം ഒരിക്കൽക്കൂടി ഉയരുകയാണ്. ബസ് വ്യവസായം നഷ്ടത്തിലാണെന്ന മുറവിളി ഉയരുമ്പോഴെല്ലാം വരുത്തിയ നിരക്ക് വർധന ഇപ്പോൾ എവിടെ എത്തിനിൽക്കുന്നുവെന്ന് എല്ലാവർക്കും അറിയാം. ഓരോ നിരക്ക് വർധനയ്ക്കുശേഷവും ബസിൽ കയറാൻ ആളുകൾ കറുഞ്ഞുവരുകയാണെന്ന യാഥാർഥ്യമാണ് മുന്നിലുള്ളത്. എന്നിട്ടും കടുംവെട്ടിന്റെ ലാഘവത്തോടെ നിരക്ക് വർധിപ്പിച്ചുകൊണ്ടേയിരിക്കുന്നു. പൊതുഗതാഗതം ഉപയോഗിക്കുന്നവരുടേയും ബസ് ഉടമകളുടെയും എണ്ണം കുറയുന്ന പ്രവണത ശക്തമായി തുടരുകുയും ചെയ്യുന്നു. പാൽ വില വർധനയ്ക്കുശേഷവും സംഭവിക്കാൻ പോകുന്നത് ഇതുതന്നെ ആയിരിക്കും. പലരും പാലിന്റെ ഉപയോഗം കുറയ്ക്കുകയോ വേണ്ടന്നുവയ്ക്കുകയോ ചെയ്തേക്കാം. വില വർധനയുടെ താൽക്കാലിക ലാഭം കർഷകർക്ക് ലഭിച്ചേക്കാമെങ്കിലും ദീർഘകാലത്തേക്ക് ഗുണകരമാകില്ല. ക്ഷീരകർഷകരുടേയും ഉപഭോക്താക്കളുടേയും എണ്ണം ഭാവിയിൽ കുറയുകയാകും ഫലം. കാർഷിക, വെറ്ററിനറി സർവകലാശാലകളിലെ വിദഗ്ധർ നടത്തിയ പഠനത്തിൽ പറയുന്നത് നിലവിൽ ഒരു ലിറ്റർ പാൽ വിൽക്കുമ്പോൾ കർഷകർക്ക് 8.57 രൂപയുടെ നഷ്ടം സംഭവിക്കുന്നു എന്നാണ്. ഈ നഷ്ടം നികത്താനാണ് വില വർധനയ്ക്ക് ശിപാർശ നൽകിയത്. ഈയൊരു കണക്കിന്റെ അടിസ്ഥാനത്തിൽ എത്ര രൂപ വർധിപ്പിച്ചാലാണ് കർഷകർക്ക് ലാഭം ഉണ്ടാകുന്നത്?. ശിപാർശയിലെ ഉയർന്ന തുക കിട്ടിയാൽപ്പോലും കർഷകർക്ക് ആഹ്ളാദിക്കാൻ വകയുണ്ടാകില്ല. ഒരു പശുവിന്റെ പാൽ വിറ്റ് ജീവിക്കുന്നവർ മുതൽ വലിയ ഫാമുകൾ നടത്തുന്നവർവരെ ക്ഷീരകർഷകരുടെ പട്ടികയിലുണ്ട്. വില വർധന സർക്കാർ പൂർണമായും അംഗീകരിക്കുകയാണെങ്കിൽ കർഷകരെ സംബന്ധിച്ച് നഷ്ടക്കണക്ക് കുറയുമെന്ന് വിദഗ്ധ സമിതി കണക്കുകൂട്ടുന്നു. നഷ്ടം കുറയ്ക്കുകയല്ല, മാന്യമായി ജീവിക്കാനുള്ള സാഹചര്യം കർഷകർക്ക് നൽകുകയാണ് സർക്കാരിന്റെ കടമ. അതിനുപകരം കർഷകർക്ക് വലിയ മെച്ചം ഇല്ലാത്തതും ജനത്തിനു ഭാരമേകുന്നതുമായ നടപടികളിലേക്ക് മാത്രമായി സർക്കാർ കടക്കുന്നത് ഉചിതമാകില്ല.

കുറഞ്ഞ വിലയ്ക്ക് പാൽ ആളുകൾക്ക് കൊടുക്കേണ്ടി വരുന്നതുകൊണ്ടല്ല കർഷകർക്ക് ഇന്നുകാണുന്ന പ്രതിസന്ധിയും നഷ്ടവും ഉണ്ടായത്. കർഷകരുടെ നഷ്ടം കുറയ്ക്കുന്നതിനു ലിറ്ററിനു നാലുരൂപ വീതം ഇൻസെന്റീവ് നൽകുമെന്ന് സർക്കാർ പ്രഖ്യാപിച്ചിരുന്നു. ഇതിനായി 28 കോടിരൂപ മാറ്റിവയ്ക്കുകയും ചെയ്തു. പക്ഷേ ജൂൺ, ജൂലൈ മാസങ്ങളിൽ മാത്രമാണ് കർഷകർക്ക് തുക ലഭിച്ചത്. സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കാലിത്തീറ്റക്കമ്പനികൾ അടക്കം തോന്നിയതുപോലെ വില കൂട്ടി കർഷകരെ വിഷമിപ്പിക്കുകയാണ്. കാലത്തീറ്റ വിലയിൽ ചാക്കിന് 150 മുതൽ 180 രൂപവരെ അടുത്തയിടെ വർധനയുണ്ടായി. പാൽ വില വർധിപ്പിക്കാത്ത കഴിഞ്ഞ മൂന്ന് വർഷത്തിനിടെ നാല് തവണ കാലിത്തീറ്റയ്ക്ക് വില കൂട്ടി. 2019 ൽ 50 കിലോഗ്രാം കാലിത്തീറ്റ ചാക്കിന് 1050 രൂപയായിരുന്നു വിലയെങ്കിൽ നിലവിൽ 1500 ന് മുകളിലെത്തി. മിൽമയുടെ സ്വന്തം ഗോമതി ഗോൾഡ് കാലീത്തീറ്റയുടെ വില 1370 രൂപ ആയിരുന്നത് 1550 ആയി വർധിപ്പിച്ചു. ഇതിനിടെ തൊഴിലാളികളുടെ കൂലി, മരുന്നുകളുടെ വില എന്നിവയിൽ ഉണ്ടായ വർധന കർഷകർക്ക് അമിതഭാരമേകുന്നു. വിലക്കയറ്റം പിടിച്ചു നിർത്തണമെന്നും പാൽ വില വർധിപ്പിക്കണമെന്നുമുള്ള നിരന്തര ആവശ്യമാണ് കർഷകർക്ക് സർക്കാരിനു മുന്നിൽ വയ്ക്കാനുള്ളത്. എന്നാൽ, വില വർധന തടയുന്നതിൽ സർക്കാർ പൂർണമായും പരാജയപ്പെട്ടിരിക്കുന്നു. ഇനിയുള്ള മാർഗം പാൽ വില കൂട്ടി ഭാരം ജനങ്ങളുടെ തലയിലേക്ക് ഇടുക എന്നതു മാത്രമാണ്. ജനങ്ങളോട് ഉത്തരവാദിത്വമുള്ള സർക്കാർ വില വർധനയുടെ കനത്ത ഭാരം ജനത്തിനു നൽകാതെ ക്ഷീരകർഷക്കർക്ക് ഗുണകരമായ രീതിയിൽ വിലക്കയറ്റം ഉൾപ്പെടെ പിടിച്ചു നിർത്തി ഇടപെടൽ നടത്തുമോ എന്നാണ് ഇനി അറിയാനുള്ളത്.

## റീഫണ്ടും പിഴയുമായി എയർ ഇന്ത്യ 12.15 കോടി ഡോളർ നൽകാൻ ഉത്തരവ്

വാഷിങ്ടൺ: ടാറ്റയുടെ ഉടമസ്ഥതയിലുള്ള എയർ ഇന്ത്യ യാത്രക്കാർക്ക് 12.15 കോടി ഡോളർ (989.38 കോടി രൂപ) റീഫണ്ട് ആയി നൽകണമെന്ന് ഉത്തരവിട്ട് യുഎസ് ഗതാഗത വകുപ്പ്. ടിക്കറ്റ് കാൻസൽ ചെയ്തതിന് റീഫണ്ട് തുക കുടിശ്ശികയും കാലാവധിക്കുള്ളിൽ മടക്കിനൽകാത്തതിന് പിഴയായുമാണ് ഇത്രയും തുക എയർ ഇന്ത്യ നൽകേണ്ടത്. കോവിഡ് കാലത്ത് വിമാനയാത്ര മുടങ്ങിയവർക്ക് പണം തിരികെ നൽകിയില്ലെന്ന യാത്രക്കാരുടെ പരാതികളെ തുടർന്നാണ് യുഎസ് അധികൃതർ ഇടപെട്ടത്. റീഫണ്ട് നൽകുന്നതിന് കാലതാമസം വരുത്തിയതിന് 14 ലക്ഷം ഡോളർ (11.40 കോടി രൂപ) പിഴയടയ്ക്കാനും ഉത്തരവിട്ടിട്ടുണ്ട്.

എയർ ഇന്ത്യ ഉൾപ്പടെ ആറ് എയർലൈനുകൾക്കെതിരെയാണ് നടപടി. ഗതാഗത വകുപ്പിന്റെ ഉത്തരവനുസരിച്ച് ഈ കമ്പനികളെല്ലാം ചേർന്ന് ആകെ 60 കോടി ഡോളർ റീഫണ്ട് ആയി നൽകണം.

ടാറ്റ ഗ്രൂപ്പ് എയർ ഇന്ത്യ ഏറ്റെടുക്കുന്നതിന് മുമ്പുള്ള കേസുകളിലാണ് യുഎസ് ഇപ്പോൾ പണം തിരികെ നൽകാൻ ആവശ്യപ്പെട്ടിരിക്കുന്നത്. പണം തിരികെ ലഭിക്കാത്തതുമായി ബന്ധപ്പെട്ട് ഗതാഗത വകുപ്പിന് ലഭിച്ച 1900 കേസിൽ പകുതിയിലേറെ പരാതിക്കാർക്ക് 100 ലേറെ ദിവസമെടുത്താണ് എയർ ഇന്ത്യ പണം തിരികെ നൽകിയത്.

എയർ ഇന്ത്യയെ കൂടാതെ, ഫ്രണ്ടിയർ, ടാപ്പ് പോർച്ചുഗൽ, എയറോ മെക്സിക്കോ, എൽ അൽ എയർലൈൻ, ഏവിയൻക തുടങ്ങിയ കമ്പനികൾക്കും പിഴ ചുമത്തിയിട്ടുണ്ട്. ഇതനുസരിച്ച് എയർ ഇന്ത്യ 12.15 കോടി ഡോളർ യാത്രക്കാർക്കും 14 ലക്ഷം ഡോളർ പിഴയായും നൽകണം. ഫ്രണ്ടിയറിന് 22.2 കോടി ഡോളറർ റീഫണ്ടും 22 ലക്ഷം പിഴയും നൽകണം. ടാപ്പ് പോർച്ചുഗലിന് 12.65 കോടി ഡോളർ റീഫണ്ടും 11 ലക്ഷം ഡോളർ പിഴയും നൽകണം. ഏവിയൻക 7.68 കോടി ഡോളർ റീഫണ്ടും 7,50,000 ഡോളർ പിഴയും നൽകണം, എൽ അൽ എയർലൈൻസ് 6.19 കോടി ഡോളർ റീഫണ്ടും 9,00,000 ഡോളർ പിഴയും നൽകണം. എയറോ മെക്സിക്കോ 1.36 കോടി ഡോളർ പിഴയും 90,000 ഡോളർ പിഴയും നൽകണം.

യുഎസിലെ നിയമം അനുസരിച്ച് യുഎസിലേക്കും യുഎസിൽ നിന്ന് പുറത്തേക്കും യാത്രചെയ്യുന്നവർക്കും യുഎസിനകത്ത് യാത്രചെയ്യുന്നവർക്കും വിമാനം റദ്ദാക്കിയാലും യാത്രയിൽ മാറ്റങ്ങളുണ്ടായാലും കമ്പനി വാഗ്ദാനം ചെയ്ത മറ്റ് വിമാനത്തിൽ യാത്ര സ്വീകരിക്കാൻ യാത്രക്കാർ തയ്യാറാകാതിരുന്നാലും വിമാനക്കമ്പനികൾ ടിക്കറ്റിന്റെ തുക തിരികെ നൽകണം. പണം തിരികെ നൽകുന്നതിന് പകരം വൗച്ചറുകൾ വാഗ്ദാനം ചെയ്യുന്നത് നിയമവിരുദ്ധമാണെന്നും അധികൃതർപറഞ്ഞു.

യാത്രക്കാർ റീഫണ്ടിന് ആവശ്യപ്പെട്ടാൽ അത് പെട്ടെന്ന് തിരികെ നൽകണം. അത് ചെയ്തില്ലെങ്കിൽ ഞങ്ങൾ നടപടി സ്വീകരിക്കും യുഎസ് ഗതാഗത സെക്രട്ടറി പീറ്റ് ബട്ടിഗീഗ് പറഞ്ഞു.



# വെടിനിർത്തൽ, നയതന്ത്ര ചർച്ച; യുക്രൈൻ പ്രതിസന്ധിക്ക് ജി20യിൽ മോദിയുടെ പ്രതിവിധി

**ബാലി:** ലോകസമാധാനത്തിനായി രാഷ്ട്രത്തലവൻമാർ ഉണർന്ന് പ്രവർത്തിക്കേണ്ട സമയമാണിതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. വെടിനിർത്തലിലൂടെയും നയതന്ത്ര ചർച്ചകളിലൂടെയും യുക്രൈനിലെ പ്രതിസന്ധി പരിഹരിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ഇന്തോനേഷ്യയിലെ ബാലിയിൽ നടക്കുന്ന ജി20 ഉച്ചകോടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ആഗോളതലത്തിൽ നേരിടുന്ന പ്രതിസന്ധികളായ യുക്രൈൻ പ്രതിസന്ധി, കാലാവസ്താ വ്യതിയാനം, കോവിഡ് മഹാമാരി സൃഷ്ടിച്ച പ്രതിസന്ധി തുടങ്ങിയവയെ കുറിച്ചാണ് അദ്ദേഹം സംസാരിച്ചത്.രണ്ടാം ലോകമഹായുദ്ധം നടന്ന കാലത്ത് ലോകം ഒരുപാട് അനുഭവിച്ചു. അന്നത്തെ ലോകനേതാക്കൾ ഒരുമിച്ചാണ് അത്തരമൊരു പ്രതിസന്ധിയെ നേരിട്ടത്. ഇപ്പോൾ ഈ കാലഘട്ടത്തിൽ സമാധാനം സ്ഥാപിക്കുന്നതിനുള്ള ഒരു അവസരം നമുക്ക് കൈവന്നിരിക്കുന്നു. എല്ലാവരും ഒരുമിച്ച് ലോകസമാധാനത്തിനായി പ്രയത്നിക്കണം- മോദി പറഞ്ഞു. ആഗോളതലത്തിൽ നേരിടുന്ന ഭക്ഷ്യമാന്ദ്യവും ഉച്ചകോടിയിലെ ചർച്ചാ വിഷയമാണ്. അമേരിക്കൻ പ്രസിഡന്റ് ജോ ബൈഡൻ, ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവേൽ മാക്രോൺ എന്നിവരുമായും മോദി കൂടിക്കാഴ്ച നടത്തി.

അടുത്ത വർഷം ഇന്ത്യയിലാണ് ജി20 ഉച്ചകോടി നടക്കുന്നത്. അപ്പോഴേക്കും ലോകത്ത് സമാധാനത്തിന്റെ അന്തരീക്ഷം ഉണ്ടാകുമെന്ന് പ്രത്യാശിക്കാം. ബുദ്ധന്റേയും ഗാന്ധിജിയുടേയും നാട്ടിൽ ഉച്ചകോടി നടക്കുമ്പോൾ സമാധാനത്തിന്റെ ഒരു വലിയ സന്ദേശം കൈമാറാൻ നമുക്ക് കഴിയും- മോദി പറഞ്ഞു. യുക്രൈൻ പ്രതിസന്ധി, കാലാവസ്ഥാ വ്യതിയാനം, കോവിഡിന് ശേഷമുള്ള പ്രതിസന്ധി എന്നിവയെ കുറിച്ച് പ്രധാനമന്ത്രി സംസാരിച്ചു.ഈ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിൽ ഐക്യരാഷ്ട്ര സഭ പോലുള്ള സംഘടനകൾ വിജയിച്ചില്ലെന്നത് അംഗീകരിക്കാൻ നമ്മൾ മടിക്കേണ്ടതില്ല. അവിടെയാണ് ജി20യുടെ പ്രസക്തി വർധിക്കുന്നത്. ലോകം ഇന്ന് ജി20യിലേക്ക് ഉറ്റുനോക്കുകയാണ്– പ്രധാനമന്ത്രി കൂട്ടിച്ചേർത്തു. കോവിഡ് കാലത്തിന് ശേഷം അവശ്യ വസ്തുക്കളുടെ ആഗോള വിതരണത്തിൽ വലിയ ബുദ്ധിമുട്ടുകൾ സംഭവിക്കുന്നുണ്ട്. ഇത്തരം കാര്യങ്ങൾ ഓരോ രാജ്യങ്ങളിലേയും പാവപ്പെട്ട ജനവിഭാഗത്തിനാണ് കൂടുതലും അനുഭവിക്കേണ്ടി വരുന്നതെന്നും പ്രധാനമന്ത്രി പറഞ്ഞു.

ഇന്ത്യയിൽ അടുത്ത വർഷം ഉച്ചകോടി നടക്കുമ്പോൾ ലോകം നേരിടുന്ന ഓരോ വിഷയങ്ങളിലും പ്രശ്ന പരിഹാരം കണ്ടെത്താനും ജി20യുടെ ലക്ഷ്യങ്ങളിലേക്ക് കൂടുതൽ അടുക്കാനും കഴിയുമെന്നും മോദി പ്രത്യാശ പ്രകടിപ്പിച്ചു.



# കൂവം, അഡയാർ നദികളിൽ വിഷമലിനീകരണമെന്ന്കണ്ടെത്തൽ

ചെന്നൈ: ചെന്നൈയിലൂടെ ഒഴുകുന്ന കൂവം, അഡയാർ നദികളിലെ വെള്ളത്തിൽ വിഷമലിനീകരണമുണ്ടെന്ന് കണ്ടെത്തൽ. തമിഴ്നാട് മലിനീകരണ നിയന്ത്രണബോർഡിന്റെ നേതൃത്വത്തിൽ നടത്തിയ സാംപിൾ പരിശോധനയിലാണ് ഉയർന്ന അളവിൽ വിഷമലിനീകരണവും ദോഷകരമായ ലോഹാംശങ്ങളും കണ്ടെത്തിയത്.

മാർച്ച് മുതൽ സെപ്റ്റംബർ വരെ രണ്ടുനദികളുടെയും 12 ഇടങ്ങളിൽ നിന്നായി സാംപിൾ ശേഖരിച്ച് പരിശോധിച്ചു. ഇതിൽ വിഷമയമായ ഉയർന്ന അളവിലുള്ള ആമോനൈട്രജനും ജീവികൾക്കും മനുഷ്യർക്കും ഒരുപോലെ ദോഷമുണ്ടാക്കുന്ന ബയോളജിക്കൽ ഓക്സിജൻ ഡിമാൻഡും (ബി.ഒ.ഡി.) കണ്ടെത്തിയതായി റിപ്പോർട്ടിൽ പറയുന്നു.

മലിനീകരണത്തിനുള്ള പ്രധാനകാരണം നദീതീരത്തുള്ള വ്യവസായസ്ഥാപനങ്ങളിൽനിന്ന് പുറന്തള്ളുന്ന അപകടകരമായ വസ്തുക്കളാണ്. നദികളിൽ മലിനജല സംസ്കരണപ്ലാന്റുകൾ സ്ഥാപിക്കാത്തതാണ് അപകടത്തിനുള്ള പ്രധാനപ്പെട്ട കാരണമെന്ന് പരിസ്ഥിതിസംരക്ഷണ ഗവേഷണകേന്ദ്രം പ്രോജക്ട് മാനേജർ സജിത്ത് മുകുന്ദൻ പറഞ്ഞു.

ഭൂഗർഭ മലിനജലകണക്ഷനുകൾ ശരിയായി നടപ്പാക്കുകയും മലിനജല സംസ്കരണപ്ലാന്റുകൾ സ്ഥാപിക്കുകയും ചെയ്താൽ നദികളിലേക്ക് വെള്ളം ഒഴുകിയെത്തുന്നതിനുമുമ്പുതന്നെ മാലിന്യനീക്കം സാധ്യമാകുമെന്നാണ് ജലവിദഗ്ധരുടെ അഭിപ്രായം. വിഷലിപ്തമായ വെള്ളം പല അപകടങ്ങളും ഉണ്ടാക്കുന്നുണ്ടെന്നും മത്സ്യങ്ങൾ വൻതോതിൽ ചത്തുപൊങ്ങാൻ ഇടയാക്കുന്നുണ്ടെന്നും അവർ ചൂണ്ടിക്കാട്ടുന്നു.സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിലെ നദികളുടെ അവസ്ഥയും പരിതാപകരമാണ്. വ്യവസായശാലകളിൽനിന്നുള്ള മാലിന്യം നേരിട്ട് തള്ളുന്നതാണ് കോയമ്പത്തൂർ മേഖലകളിലെ നദികളിൽ അപകടം വിതയ്ക്കുന്നതെന്ന് ചെന്നൈയിലെ സെന്റർ ഫോർ പോളിസി ആൻഡ് ഡെവലപ്മെന്റ് സ്റ്റഡീസ് ഡയറക്ടർ സി. രാജീവ് പറഞ്ഞു. നോയൽ നദിയും ഭവാനി നദിയും മലിനമായത് കോയമ്പത്തൂർ ജില്ലയിലെ വ്യാവസായിക യൂണിറ്റുകളിൽ മലിനജലശുദ്ധീകരണ പ്ലാന്റുകൾ ഒരുക്കാത്തതുമൂലമാണെന്നും അദ്ദേഹം പറഞ്ഞു.

ജലസേചനത്തിനായി ഉപയോഗിച്ചിരുന്ന ഒറത്തുപാളയം അണക്കെട്ട് കോയമ്പത്തൂർ, തിരുപ്പൂർ എന്നിവിടങ്ങളിലെ ഡൈയിങ് യൂണിറ്റുകളിലെ മാലിന്യം തള്ളുന്നതുമൂലം മലിനമായി. ഫോസ്ഫേറ്റ്, അലുമിനിയം, സൾഫേറ്റ്, അമോണിയം മാലിന്യം പുറന്തള്ളുന്നതിനാൽ ഭവാനിനദിയും അപകടാവസ്ഥയിലാണ്.

ഭവാനിയിലെ ജലസാംപിളിൽ അടുത്തിടെ നടത്തിയ പഠനത്തിൽ കാൻസറിനും ബലഹീനതയ്ക്കും കാരണമാകുന്ന ഡയോക്സിൻ അടങ്ങിയതായി പരിസ്ഥിതി ഗവേഷണകേന്ദ്രം കണ്ടെത്തിയിരുന്നു. ഭവാനിയിൽനിന്ന് മാലിന്യം പുറന്തള്ളുന്നതിനാൽ കാവേരിനദിയും മലിനമായിരിക്കുകയാണ്.

# ഉന്നതവിദ്യാഭ്യാസം: അമേരിക്കയിലേക്കുള്ള പോക്കിൽ 19% വർധന; ഇത്തവണ പോയത് 2 ലക്ഷത്തിലധികം ഇന്ത്യക്കാർ

ന്യൂഡൽഹി: ഉന്നതവിദ്യാഭ്യാസത്തിന് യുണൈറ്റഡ് സ്റ്റേറ്റ്സ് തിരഞ്ഞെടുത്ത ഇന്ത്യൻ വിദ്യാർഥികളുടെ എണ്ണത്തിൽ തുടർച്ചയായ രണ്ടാം വർഷവും വൻവർധന. നവംബർ 14–ന് പുറത്തിറങ്ങിയ ഓപ്പൺ ഡോഴ്സ് റിപ്പോർട്ടനുസരിച്ച് 2021–22 അധ്യയന വർഷത്തിൽ രണ്ട് ലക്ഷത്തോളം ഇന്ത്യൻ വിദ്യാർത്ഥികളാണ് ഉപരിപഠനത്തിനായി യു.എസ്.എ തെരഞ്ഞെടുത്തത്. മുൻവർഷത്തേക്കാൾ 19 ശതമാനം വർധനവാണ് ഇത്.

യു.എസ്.എ–യിലെ പത്ത് ലക്ഷത്തിലധികം വരുന്ന അന്താരാഷ്ട്ര വിദ്യാർഥികളിൽ 21 ശതമാനവും ഇന്ത്യക്കാരാണ്.


ഇന്ത്യൻ വിദ്യാർഥികളെ സഹായിക്കുന്നതിനായി രാജ്യത്തിന്റെ പലഭാഗത്തായി സൗജന്യ ഉപദേശ സേവനങ്ങളും എംബസി നൽകുന്നുണ്ട്. ന്യൂഡൽഹി, ചെന്നൈ, കൊൽക്കത്ത, ബാംഗ്ലൂർ, അഹമ്മദാബാദ്, മുംബൈ എന്നിവിടങ്ങളിൽ ഓരോ കേന്ദ്രവും ഹൈദരാബാദിൽ രണ്ട് കേന്ദ്രങ്ങളുമാണുള്ളത്.

**അമേരിക്കൻ പഠനാവസരങ്ങളെക്കുറിച്ചും നാലായിരത്തോളം വരുന്ന അംഗീകൃത യു.എസ്. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെക്കുറിച്ചും ഇവിടെ നിന്ന് മനസിലാക്കാം.**

യു.എസ്.എയിൽ ഉന്നതപഠനം ആഗ്രഹിക്കുന്നവർക്ക് കോളേജ് അപേക്ഷാ പ്രക്രിയയെക്കുറിച്ച് ഏറ്റവും പുതിയ വിവരങ്ങൾ അറിയാൻ EducationUSAIndia എന്ന സൗജന്യ ആപ്പും നിലവിലുണ്ട്. കൂടുതൽ വിവരങ്ങൾക്ക് https://educationusa.state.gov/country/in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

ഓപ്പൺ ഡോഴ്സ്ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റർനാഷണൽ എജ്യുക്കേഷൻ (ഐ.ഐ.ഇ.) ആണ് എല്ലാ വർഷവും ഓപ്പൺ ഡോഴ്സ് റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നത്. 1919–ൽ സ്ഥാപിതമായത് മുതൽ യുണൈറ്റഡ് സ്റ്റേറ്റ്സിലെ അന്താരാഷ്ട്ര വിദ്യാർത്ഥികളെക്കുറിച്ച് ഐ.ഐ.ഇ. വാർഷിക സ്ഥിതിവിവര സർവേ നടത്തുന്നു. 1972 മുതൽ യു.എസ്. ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റേറ്റ് കീഴിലുള്ള ബ്യൂറോ ഓഫ് എജ്യുക്കേഷണൽ ആൻഡ് കൾച്ചറൽ അഫയേഴ്സുമായി സഹകരിച്ചാണ് ഐ.ഐ.ഇ. ഈ സർവേ നടത്തുന്നത്. യു.എസ്. സർവ്വകലാശാലകളിലെ അന്താരാഷ്ട്ര ഗവേഷകരുടെ എണ്ണത്തെക്കുറിച്ചും അധ്യയനകാലത്തിന് മുന്നോടിയായി നടത്തപ്പെടുന്ന ഇന്റൻസീവ് ഇംഗ്ലീഷ് പ്രോഗ്രാമുകളിൽ ചേർന്നിട്ടുള്ള അന്തർദ്ദേശീയ വിദ്യാർത്ഥികളുടെ എണ്ണവും ഓപ്പൺ ഡോഴ്സ് റിപ്പോർട്ടിലുണ്ട്.

ഓപ്പൺ ഡോഴ്സ് 2022 റിപ്പോർട്ടിൽ യുണൈറ്റഡ് സ്റ്റേറ്റ്സിലെ യു.എസ്. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ചേർന്നിട്ടുള്ള അന്തർദ്ദേശീയ വിദ്യാർത്ഥികളും വിദേശത്ത് നിന്ന് ഓൺലൈനായി പ്രവേശനം നേടിയവരും 2021 ഫാൾ മുതൽ 2022 സ്പ്രിംഗ് വരെയുള്ള ഓപ്ഷണൽ പ്രാക്ടിക്കൽ ട്രെയിനിംഗിൽ (ഒ.പി.ടി.) ഉള്ളവരും ഉൾപ്പെടുന്നു. കൂടുതൽ വിവരങ്ങൾക്ക് www.iie.org/OpenDoors.






# കത്ത് വിവാദം: പ്രത്യേക കൗൺസിൽ ചേരും, ബിജെപി ആവശ്യപ്പെട്ട ദിവസത്തിനും മുന്നേ യോഗം വിളിച്ച് മേയർ

## കോർപറേഷനിൽബിജെപി സമരം തുടരുകയാണ് ജനസേവാ കേന്ദ്രത്തിൽ ജീവനക്കാരില്ലെന്നും രാജ്ഭവൻ മാർച്ചിന് ജീവനക്കാരെ ഭീഷണിപ്പെടുത്തി കൊണ്ടുപോയെന്നും ആരോപിച്ചാണ് സമരം

**തിരുവനന്തപുരം:** കത്ത് വിവാദം ചർച്ചചെയ്യാൻ പ്രത്യേക കൗൺസിൽ യോഗം ചേരും. തിരുവനന്തപുരം നഗരസഭ കൗൺസിൽ ഈ മാസം 19 നാണ് ചേരുക. വിവാദം ദിവസങ്ങളായി നീണ്ടുനിൽക്കുന്ന സമരത്തിന് കാരണമായിരിക്കെയാണ് കൗൺസിൽ യോഗം വിളിക്കുന്നത്. നഗരസഭാ കൗൺസിൽ വിളിക്കണമെന്ന് ആവശ്യപ്പെട്ട് ബിജെപി കത്ത് നൽകിയിരുന്നു. പ്രതിപക്ഷം ആവശ്യപ്പെട്ട ദിവസത്തിന് മുൻപേ കൗൺസിൽ യോഗം വിളിക്കാൻ മേയർ ആര്യാ രാജേന്ദ്രൻ തീരുമാനിക്കുകയായിരുന്നു.അതേസമയം കോർപറേഷനിൽ ഇന്നും ബിജെപി സമരം ം തുടരുകയാണ് ജനസേവാ കേന്ദ്രത്തിൽ ജീവനക്കാരില്ലെന്നും രാജ്ഭവൻ മാർച്ചിന് ജീവനക്കാരെ ഭീഷണിപ്പെടുത്തി കൊണ്ടുപോയെന്നും ആരോപിച്ചാണ് സമരം.

അതേസമയം കത്ത് വിവാദത്തിൽ യൂത്ത് കോൺഗ്രസ് നേതാവ് സുധീർ ഷാ പാലോട് നൽകിയ പരാതിയിൽ തദ്ദേശ സ്ഥാപനങ്ങളുടെ ഓംബുഡ്സ്മാൻ മേയർ ആര്യാ രാജേന്ദ്രനും കോർപറേഷൻ സെക്രട്ടറിക്കും നോട്ടീസ് അയച്ചിട്ടുണ്ട്. മേയർ സത്യപ്രതിജ്ഞ ലംഘനം നടത്തിയെന്നായിരുന്നു സുധീർ ഷാ പാലോടിന്റെ പരാതി. നോട്ടീസിന് ഈ മാസം 20ന് മുന്പ്

രേഖാമൂലം മറുപടി നൽകണമെന്ന് മേയർക്കും കോർപ്പറേഷൻ സെക്രട്ടറിക്കും അയച്ച നോട്ടീസിൽ പറയുന്നു. ഡിസംബർ 2ന് ഓൺലൈൻ സിറ്റിങ്ങിൽ ഹാജരാവാനും ഇരുവർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.





# തൃക്കാക്കര കൂട്ടബലാത്സംഗ കേസ് പ്രതിയായ സിഐയുടെ അറസ്റ്റ് വൈകും; തെളിവ് മതിയാകില്ലെന്ന് കമ്മീഷണർ

**കൊച്ചി :** തൃക്കാക്കര കൂട്ട ബലാത്സംഗ കേസിൽ പ്രതിയായ കോഴിക്കോട് കോസ്റ്റൽ പൊലീസ് സ്റ്റേഷൻ സർക്കിൾ ഇൻസ്പെക്ടർ പി ആർ സുനുവിന്റെ അറസ്റ്റ് ഇതുവരെയും രേഖപ്പെടുത്തിയില്ല. അറസ്റ്റിന് ഇപ്പോൾ കിട്ടിയ തെളിവുകൾ മതിയാകില്ലെന്ന നിലപാടിലാണ് പൊലീസ്. കൂടുതൽ തെളിവുകൾ ആവശ്യമാണെന്നും ഇതിനായി അന്വേഷണം നടക്കുകയുമാണെന്നുമാണ് കൊച്ചി കമ്മീഷണർ സി എച്ച് നാഗരാജുവിന്റെ വിശദീകരണം. കേസിൽ കൂടുതൽ ആളുകൾ ഉൾപ്പെട്ടതായും പരാതിയുണ്ട്. ഇക്കാര്യത്തിലടക്കം അന്വേഷണം നടക്കുകയാണെന്നും പൊലീസ് അറിയിച്ചു. കസ്റ്റഡിയിലുള്ള സിഐ സുനുവിന്റെ പശ്ചാത്തലം ശരിയല്ല. പ്രതി രക്ഷപ്പെടാതിരിക്കാനാണ് ഉടൻ കസ്റ്റഡിയിൽ എടുത്തതെന്നും കൊച്ചി കമ്മീഷണർ സി എച്ച് നാഗരാജു അറിയിച്ചു.

കോഴിക്കോട്ട് പോക്സോ കേസ് പ്രതിയായ പൊലീസ് ഉദ്യോഗസ്ഥന് സസ്പെൻഷൻ

പ്രതികളുടെ ചോദ്യം ചെയ്യൽ തുടരുകയാണെന്നും പൊലീസ് അറിയിച്ചു. കേസിൽ ഏഴ് പ്രതികളാണുള്ളത്. ഇതിൽ അഞ്ച് പേർ പൊലീസിന്റെ കസ്റ്റഡിയിലാണ്. കണ്ടാലറിയാവുന്ന രണ്ട് പ്രതികളെ പിടികൂടാനുണ്ട്. പരാതിക്കാരിയുടെ വീട്ടുജോലിക്കാരിയായിരുന്ന വിജയലക്ഷ്മിയാണ് കേസിലെ ഒന്നാം പ്രതി. വിജയലക്ഷ്മിയുടെ സുഹൃത്ത് രാജീവാണ് രണ്ടാം പ്രതി. സിഐ സുനു മൂന്നാം പ്രതിയാണ്. വിജയലക്ഷ്മിയുടെ സുഹൃത്തായ ക്ഷേത്ര ജീവനക്കാരൻ അഭിലാഷ് നാലാം പ്രതിയും പരാതിക്കാരിയുടെ ഭർത്താവിൻറെ സുഹൃത്തായ ശശി അഞ്ചാം പ്രതിയുമാണ്. പ്രതികൾ വിവിധ ഇടങ്ങളിൽ കൊണ്ടുപോയി പീഡിപ്പിച്ചെന്നാണ് ഇരുപത്തിരണ്ടുകാരിയായ യുവതിയുടെ പരാതി.

സിഐ പി ആർ സുനു നേരത്തെ മറ്റൊരു ബലാത്സംഗ കേസിലും റിമാൻഡിലായ വ്യക്തിയാണ്. എറണാകുളം സെൻട്രൽ പൊലീസ് സ്റ്റേഷനിൽ സമാനമായ മറ്റ് രണ്ട് കേസുകളും ഈ ഉദ്യോഗസ്ഥനെതിരെയുണ്ട്. കേസുകളിൽ വകുപ്പു തല നടപടി കഴിയും മുൻപാണ് വീണ്ടും സമാന കുറ്റകൃത്യത്തിൽ പ്രതിയാകുന്നത്. മുളവുകാട് സ്റ്റേഷൻ ഇൻസ്പെക്ടർ ആയിരിക്കെ 2021 ഫെബ്രുവരിയിലാണ് ബിടെക് ബിരുദദാരിയായ യുവതിയെ വിവാഹ വാഗ്ദാനം നൽകി പീഡിപ്പിച്ച കേസിൽ സുനു പിടിയിലാകുന്നത്. സ്റ്റേഷനിൽ പരാതി നൽകാനെത്തിയ യുവതിയുമായി അടുപ്പം സ്ഥാപിച്ച് വിവിധ സ്ഥലങ്ങളിൽ കൊണ്ടുപോയി പീഡിപ്പിച്ചെന്നായിരുന്നു പരാതി. സെൻട്രൽ പൊലീസ് റജിസ്റ്റർ ചെയ്ത കേസിൽ ഹൈക്കോടതി ജാമ്യം തള്ളിയതോടെ സുനു അറസ്റ്റിലായി. റിമാൻഡിലായ സുനുവിനെതിരെ പിന്നീട് വകുപ്പു തല നടപടി ഉണ്ടായിരുന്നു.

# വിവാദ പ്രസ്താവനകളിൽ ഒറ്റപ്പെട്ട് സുധാകരൻ: വിശദീകരണം തേടി എഐസിസി, അതൃപ്തി പരസ്യമാക്കി നേതാക്കൾ

**തിരുവനന്തപുരം:** നെഹ്റുവിനെക്കുറിച്ചുള്ള വിവാദ പ്രസ്താവനയിൽ കെ.സുധാകരനെതിരെ കോൺഗ്രസിൽ അമർഷം മുറുകുന്നു. വിഷയത്തിൽ സുധാകരനോട് എഐസിസി നേരിട്ട് വിശദീകരണം തേടിയെന്ന് കേരളത്തിന്റെ ചുമതലയുള്ള എഐസിസി ജനറൽ സെക്രട്ടറി താരീഖ് അൻവർ ഇന്നലെ വ്യക്തമാക്കി.

നെഹ്റുവിനെക്കുറിച്ചുള്ള പ്രസ്താവന നാക്ക് പിഴയാണെന്ന് സുധാകരൻ പറഞ്ഞതായാണ് വിവരം. സംസ്ഥാന നേതൃത്വത്തോടും താരീഖ് അൻവർ ഇന്ന് സംസാരിച്ചു. വിഷയത്തിൽ സുധാകരൻ ഖേദം പ്രകടിപ്പിച്ചു കഴിഞ്ഞുവെന്ന പറഞ്ഞ താരീഖ് അൻവർ അദ്ദേഹത്തിന്റെ മറുപടി തൃപ്തികരമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആർക്കും നാക്ക് പിഴയുണ്ടാകാമെന്നും ഭാവിയിൽ ഇത്തരം പ്രസ്താവനകൾ ഉണ്ടാകില്ലെന്ന് സുധാകരൻ ഉറപ്പ് നൽകിയിട്ടുണ്ടെന്നും പറഞ്ഞ താരീഖ് അൻവർ തത്കാലം ഹൈക്കമാൻഡ് സുധാകരനെ കൈവിടില്ലെന്ന് സൂചനയാണ് നൽകുന്നത്.

എന്നാൽ കോൺഗ്രസ് സംസ്ഥാന ഘടകത്തിലും യുഡിഎഫ് മുന്നണിയിലും സുധാകരനെതിരെ അമർഷം ശക്തമാണ്. മുസ്ലീം ലീഗ് തങ്ങളുടെ അമർഷം ഇതിനോടകം പരസ്യപ്പെടുത്തി കഴിഞ്ഞു. നാളെ കോഴിക്കോട് ചേരുന്ന ലീഗിന്റെ ഉന്നതാധികാര സമിതി യോഗം ഈ വിഷയം ചർച്ച ചെയ്യും. ഇതിന് ശേഷമുള്ള ലീഗ് നിലപാട് എന്താവും എന്നത് നിർണായകമാണ്. കെ സുധാകരൻ തിരുത്തണമെന്ന് പരസ്യമായി പറഞ്ഞ കെ മുരളീധരൻ പാർട്ടിക്കുള്ളിൽ സുധാകരനെതിരെ ഉയരുന്ന അതൃപ്തിയും രോഷവും കൂടിയാണ് പ്രകടമാക്കിയത്. ഖേദപ്രകടനം കൊണ്ടായില്ലെന്നും ലീഗിനെ അടക്കം വിശ്വാസത്തിൽ എടുത്തുള്ള തിരുത്തൽ വേണമെന്നും മുരളീധരൻ പറഞ്ഞു.

അടിക്കടി സുധാകരൻ നടത്തുന്ന പ്രസ്താവനകളിലെ കടുത്ത അതൃപ്തിയാണ് വി ഡി സതീശൻ അടക്കമുള്ള നേതാക്കൾ വ്യക്തമാകുന്നത്. മതേതര നിലപാടിൽ വെള്ളം ചേർക്കാൻ അനുവദിക്കില്ലെന്നും പരാമർശം എല്ലാവരേയും ബാധിക്കുമെന്ന സതീശൻറെ പ്രതികരണത്തിലൂടെ വിവാദത്തിൽ സുധാകരൻ ഒറ്റപ്പെടുവന്നുവെന്ന് വ്യക്തമാകുകയാണ്.

ആർഎസ്എസ് ശാഖക്ക് സംരക്ഷണം കൊടുത്തുവെന്ന പ്രസ്താവനയിലെ ന്യായീകരണം തൊണ്ട തൊടാതെ വിഴുങ്ങാൻ നേതാക്കളിൽ ഒരു വിഭാഗം തയ്യാറായിരുന്നില്ല. പിന്നാലെ വർഗീയതയോട് നെഹ്റു സന്ധി ചെയ്കതുവെന്ന പ്രസ്താവന കൂടി വന്നതോടെ പാർട്ടി തന്നെ വെട്ടിലായിരിക്കുകയാണ്.

പ്രാദേശിക തലങ്ങളിൽ പോലും സുധാകരൻറെ പ്രസ്താവനക്കെതിരെ കടുത്ത അമർഷം ഉയരുമ്പോൾ നേതൃത്വം അമ്പേ പ്രതിരോധത്തിലാകുകയാണ്. ലീഗടക്കമുള്ള ഘടകകക്ഷികളുടെ പ്രതിഷേധവും കോൺഗ്രസിനെ ക്ഷീണമാകുന്നു. ഈ സാഹചര്യത്തിലാണ് നേതൃത്വത്തിൽ ഒരു വിഭാഗത്തിൻറെ ആശിർവാദത്തോടെ ചില എംപമാരടക്കം സുധാകരനെതിരെ നടപടി ആവശ്യപ്പെട്ട് എഐസിസിയെ സമീപിച്ചിരിക്കുകയാണ്. സുധാകരൻറെ വരവോടെ സംസ്ഥാന രാഷ്ട്രീയത്തിൽ അപ്രസക്തരായ നേതാക്കളും പടയൊരുക്കത്തിന് പിന്നിലുണ്ട്. തെരഞ്ഞെടുപ്പുകൾ അതി വിദൂരത്തിലല്ലാത്തതിനാൽ ഘടകകക്ഷികളുടെ അതൃപ്തി ദേശീയ നേതൃത്വത്തേയും ആശയക്കുഴപ്പത്തിലാക്കിയിരിക്കുകയാണ് പാർട്ടി പുനസംഘടന മുൻപിലുള്ളതിനാൽ സുധാകരനെ അധ്യക്ഷ സ്ഥാനത്ത് നിന്ന് മാറ്റണമെന്ന ആവശ്യവും ഒരു വിഭാഗം ഉയർത്തുണ്ട്. ആർഎസ്എസ് മനസുള്ളവർക്ക് പാർട്ടിക്ക് പുറത്ത് പോകാമെന്ന രാഹുൽഗാന്ധിയുടെ നിലപാടടക്കം ചൂണ്ടിക്കാട്ടിയാണ് സുധാകരനെതിരെ നടപടി ആവശ്യപ്പെട്ടിരിക്കുന്നത്. ചുമതലയിൽ നിന്ന് മാറിയെങ്കിലും കേരളത്തിൻറെ ചാർജുണ്ടായിരുന്ന ജനറൽസെക്രട്ടറി താരിഖ് അൻവറിനോട് നേതൃത്വം പ്രാഥമിക റിപ്പോർട്ട് തേടിയിട്ടുണ്ട്. റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ സുധാകരൻ വിശദീകരണം നൽകേണ്ടി വരും.



# വധശിക്ഷ നൽകണമെന്ന് ശ്രദ്ധയുടെ പിതാവ്, ലൗജിഹാദ് ആരോപണവും; ഫ്ലാറ്റിൽ ചന്ദനത്തിരി കത്തിച്ച് പ്രതി

**ന്യൂഡൽഹി:** ശ്രദ്ധ വാൾക്കർ കൊലക്കേസിൽ പ്രതിക്കെതിരേ ലൗ ജിഹാദ് ആരോപണവും. കൊല്ലപ്പെട്ട ശ്രദ്ധയുടെ പിതാവ് വികാസ് വാൾക്കറാണ് സംഭവത്തിൽ ലൗജിഹാദും സംശയിക്കുന്നതായി പ്രതികരിച്ചത്. പ്രതി അഫ്താബ് പൂനെവാലയ്ക്ക് വധശിക്ഷ നൽകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

'സംഭവത്തിൽ ലൗജിഹാദും ഉണ്ടെന്നാണ് സംശയം. അഫ്താബിന് വധശിക്ഷ നൽകണമെന്നാണ് ഞങ്ങളുടെ ആവശ്യം. ഡൽഹി പോലീസിൽ വിശ്വാസമുണ്ട്, അവരുടെ അന്വേഷണം ശരിയായ ദിശയിലാണ്. ശ്രദ്ധ എന്നോട് അധികം സംസാരിച്ചിരുന്നില്ല. അമ്മാവനുമായിട്ടായിരുന്നു അവൾക്ക് ഏറെ അടുപ്പം. അഫ്താബുമായി എനിക്ക് ഒരു ബന്ധവുമില്ല. മകളെ കാണാനില്ലെന്ന് ആദ്യം മുംബൈയിലാണ് പരാതി നൽകിയത്'- വികാസ് വാൾക്കർ പറഞ്ഞു.

അതിനിടെ, ശ്രദ്ധ വാൾക്കർ കൊലക്കേസിൽ പ്രതിയുമായി പോലീസ് സംഘം ചൊവ്വാഴ്ച തെളിവെടുപ്പ് നടത്തി. മൃതദേഹാവശിഷ്ടങ്ങൾ ഉപേക്ഷിച്ച വനമേഖലയിലാണ് പ്രതിയെ എത്തിച്ച് തെളിവെടുപ്പ് നടത്തിയത്.

മെയ് 18-ാം തീയതി വഴക്കുണ്ടായതിന് പിന്നാലെയാണ് ശ്രദ്ധയെ കഴുത്ത് ഞെരിച്ച് കൊലപ്പെടുത്തിയതെന്നാണ് പ്രതിയുടെ മൊഴി. ശ്രദ്ധയുടെ നെഞ്ചിൽ കയറിയിരുന്ന് കഴുത്ത് ഞെരിക്കുകയായിരുന്നു. മരിച്ചെന്ന് ഉറപ്പിച്ചതോടെ മൃതദേഹം ശൗചാലയത്തിലേക്ക് മാറ്റി. പിന്നാലെ ഒരു കൊലപാതകം ചെയ്താൽ എങ്ങനെ പിടിക്കപ്പെടാതിരിക്കാമെന്നും എങ്ങനെ മൃതദേഹങ്ങൾ കഷണങ്ങളാക്കാമെന്നും ഗൂഗിളിൽ തിരഞ്ഞു.

ഡി.എൻ.എ. തെളിവുകൾ പോലും അവശേഷിപ്പിക്കാതെ എങ്ങനെ മൃതദേഹം ഉപേക്ഷിക്കാമെന്നതും പ്രതി ഇന്റർനെറ്റിൽ തിരഞ്ഞിരുന്നു. തുടർന്നാണ് പുതിയ ഫ്രിഡ്ജ് വാങ്ങിയ ശേഷം മൃതദേഹം 35 കഷണങ്ങളാക്കി വെട്ടിനുറുക്കിയത്. ഇതിനിടെ ശ്രദ്ധയുടെ രക്തംപുരണ്ട വസ്ത്രങ്ങൾ മാലിന്യം കൊണ്ടുപോകുന്ന വണ്ടിയിലും ഉപേക്ഷിച്ചു.


ശ്രദ്ധയെ കൊലപ്പെടുത്തിയശേഷവും ഇയാൾ പല പെൺകുട്ടികളുമായും അടുപ്പം സ്ഥാപിച്ചിരുന്നതായാണ് പോലീസിന്റെ കണ്ടെത്തൽ. ശ്രദ്ധയെ പരിചയപ്പെട്ട അതേ ഡേറ്റിങ് ആപ്പ് വഴിയാണ് മറ്റുപെൺകുട്ടികളെയുമായും അടുപ്പം സ്ഥാപിച്ചത്. ശ്രദ്ധയുടെ മൃതദേഹാവശിഷ്ടങ്ങൾ ഫ്രിഡ്ജിൽ സൂക്ഷിച്ചിരിക്കുന്ന സമയത്ത്, ഒരു പെൺകുട്ടിയുമായി പ്രതി ഫ്ളാറ്റിൽ എത്തിയിരുന്നതായും പോലീസ് പറഞ്ഞു. ദുർഗന്ധം വമിക്കാതിരിക്കാൻ മിക്കസമയത്തും ഫ്ളാറ്റിൽ ചന്ദനത്തിരികൾ കത്തിച്ചിരുന്നു. പെൺകുട്ടികൾ വരുന്നതിന് മുമ്പ് മുറിയിൽ എയർഫ്രഷ്ണറുകളടക്കം ഉപയോഗിച്ചിരുന്നതായും പോലീസ് പറഞ്ഞു.



# വ്യക്തികളെ ഇകഴ്ത്തി കാണിക്കുന്ന പരാമർശങ്ങൾ രാഷ്ട്രീയക്കാരും ഒഴിവാക്കണം- സുപ്രീംകോടതി

**ന്യൂഡൽഹി:** വ്യക്തികളെ ഇകഴ്ത്തി കാണിക്കുന്ന പരാമർശങ്ങൾ ഒഴിവാക്കണമെന്ന അലിഖിത കീഴ്വഴക്കം ജഡ്ജിമാർ പാലിക്കാറുണ്ടെന്ന് സുപ്രീംകോടതി ഭരണഘടന ബെഞ്ചിന്റെ നിരീക്ഷണം. ഈ കീഴ്വഴക്കം, രാഷ്ട്രീയക്കാരും അധികാരസ്ഥാനം വഹിക്കുന്ന പൊതുപ്രവർത്തകരും പാലിക്കണമെന്നും സുപ്രീംകോടതി ഭരണഘടന ബെഞ്ച് അഭിപ്രായപ്പെട്ടു. മന്ത്രിമാർ ഉൾപ്പടെയുള്ള പൊതുപ്രവർത്തകർ മറ്റുള്ളവരുടെ വികാരം വ്രണപ്പെടുത്തുന്ന പരാമർശങ്ങൾ നടത്തുന്നത് തടയാൻ മാർഗരേഖ കൊണ്ടുവരണമെന്ന് ആവശ്യപ്പെട്ടുള്ള ഹർജികൾ സുപ്രീം കോടതി ഭരണഘടന ബെഞ്ച് വിധി പറയാനായി മാറ്റി.

അധിക മാർഗരേഖകൾ കൊണ്ടുവരേണ്ട ആവശ്യമില്ലെന്നായിരുന്നു കേന്ദ്ര സർക്കാരിന് വേണ്ടി ഹാജരായ അറ്റോർണി ജനറൽ ആർ.വെങ്കിട്ട രമണിയുടെയും സോളിസിറ്റർ ജനറൽ തുഷാർ മേത്തയുടെയും വാദം. വിദ്വേഷ പ്രസംഗങ്ങൾ നടത്തുന്നവർക്ക് എതിരെ സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് സുപ്രീം കോടതി തന്നെ രണ്ട് വിധികളിലൂടെ മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ടെന്നും ഇരുവരും ചൂണ്ടിക്കാട്ടി. എന്നാൽ ഈ മാർഗരേഖ പലപ്പോഴും അധികാര സ്ഥാനങ്ങളിൽ ഇരിക്കുന്നവർ നടത്തുന്ന വിദ്വേഷ പ്രസംഗങ്ങൾക്ക് ബാധകമാകാറില്ലെന്ന് ഹർജിക്കാർ ചൂണ്ടിക്കാട്ടി. മന്ത്രിമാർ ഉൾപ്പടെയുള്ള ജനപ്രതിനിധികൾക്ക് മാർഗരേഖ കൊണ്ടുവരുന്നത് നിയമനിർമാണ സഭകളുടെ പ്രവർത്തനത്തിലുള്ള ഇടപെടൽ അല്ലേയെന്ന് ഭരണഘടന ബെഞ്ച് ആരാഞ്ഞു. മൂന്നാറിലെ പെമ്പിളെ ഒരുമൈ സമരത്തിനിടെ മുൻമന്ത്രി എം.എം. മണി നടത്തിയ വിവാദ പ്രസംഗത്തിന് എതിരെയുള്ള ഹർജികളാണ് സുപ്രീം കോടതി ഭരണഘടന ബെഞ്ച് പരിഗണിച്ചത്. ജസ്റ്റിസ് അബ്ദുൾ നസീറിന്റെ അധ്യക്ഷതയിലുള്ള ഭരണഘടന ബെഞ്ചിൽ ജസ്റ്റിസുമാരായ ബി.ആർ. ഗവായ്, എ.എസ്. ബൊപ്പണ്ണ, വി. രാമസുബ്രമണ്യം, ബി.വി. നാഗരത്ന എന്നിവരാണ് അംഗങ്ങൾ.




# വഞ്ചനാ കേസിനെതിരേ മാണി സി. കാപ്പൻ നൽകിയ ഹർജി വേഗത്തിൽ തീർപ്പാക്കണമെന്ന് സുപ്രീം കോടതി

**ന്യൂഡൽഹി:** മുംബൈ വ്യവസായി നൽകിയ വഞ്ചനാ കേസിനെതിരേ പാലാ എം.എൽ.എ. മാണി സി. കാപ്പൻ നൽകിയ ഹർജി വേഗത്തിൽ തീർപ്പാക്കണമെന്ന് സുപ്രീം കോടതി. നാലുമാസത്തിനുള്ളിൽ ഹർജിയിൽ തീർപ്പ് ഉണ്ടാക്കണമെന്ന് ജസ്റ്റിസുമാരായ അജയ് രസ്തോഗി, സി.ടി. രവികുമാർ എന്നിവരടങ്ങിയ ബെഞ്ച് കേരള ഹൈക്കോടതിയോടു നിർദേശിച്ചു.

കണ്ണൂർ വിമാനത്താവളത്തിന്റെ ഓഹരി നൽകാമെന്ന് വാഗ്ദാനം ചെയ്ത്, 3.25 കോടി തട്ടിയെടുത്തെന്നാരോപിച്ച് മുംബൈ വ്യവസായി ദിനേശ് മേനോൻ ആണ് മാണി സി. കാപ്പനെതിരെ പരാതി നൽകിയത്. പരാതിയിൽ എറണാകുളം ജുഡീഷ്യൽ മജിസ്ട്രേറ്റ് ഫസ്റ്റ് ക്ലാസ് കോടതി കേസ് രജിസ്റ്റർ ചെയ്തിരുന്നു. വഞ്ചന, ഗൂഢാലോചന എന്നീ കുറ്റങ്ങൾ ചുമത്തിയാണ് കാപ്പനെതിരെ കേസെടുത്തിരുന്നത്. കേസ് നിയമപരമായി നിലനിൽക്കില്ലെന്ന് ചൂണ്ടിക്കാട്ടി മാണി സി. കാപ്പൻ നൽകിയ ഹർജിയിൽ ഹൈക്കോടതി സ്റ്റേ ഉത്തരവ് പുറപ്പെടുവിക്കുകയായിരുന്നു. ഈ സ്റ്റേ നീക്കണമെന്നാവശ്യപ്പെട്ട് ദിനേശ് മേനോൻ നൽകിയ ഹർജിയിലാണ് സുപ്രീം കോടതിയുടെ ഇടപെടൽ ഉണ്ടായത്.

എം.പിമാരും എം.എൽ.എമാരും പ്രതികളായ കേസിന്റെ വിചാരണ നടക്കുന്ന കോടതിയിലേക്ക് ഈ കേസ് മാറ്റുന്നതിൽ എതിർപ്പില്ലെന്ന് ദിനേശ് മേനോന്റെ അഭിഭാഷകൻ സുപ്രീം കോടതിയെ അറിയിച്ചു. തനിക്കെതിരായ കേസ് ജനപ്രതിനിധികളുടെ കേസുകൾ പരിഗണിക്കുന്ന പ്രത്യേക കോടതി വാദം കേൾക്കണമെന്നാണ് കാപ്പൻ ഹൈക്കോടതിയിൽ സ്വീകരിച്ചിരുന്ന നിലപാട്.

ദിനേശ് മേനോന് വേണ്ടി അഭിഭാഷകൻ വിൽസ് മാത്യൂസും മാണി സി. കാപ്പന് വേണ്ടി സീനിയർ അഭിഭാഷക റെബേക്ക ജോണും, അഭിഭാഷക ലിസ് മാത്യുവും ഹാജരായി. സംസ്ഥാന സർക്കാരിന് വേണ്ടി സ്റ്റാൻഡിങ് കോൺസുൽ ഹർഷദ് വി ഹമീദ് ആണ് ഹാജരായത്.



# ജീവനക്കാരെല്ലാം എത്തണം, തടഞ്ഞാൽ അറിയിക്കണം:ഗവർണർ

**തിരുവനന്തപുരം:** ഒരു ലക്ഷം പേരുമായി എൽ.ഡി.എഫ് നേതൃത്വത്തിലുള്ള വിദ്യാഭ്യാസ സംരക്ഷണ കൂട്ടായ്മ ഇന്ന് രാജ്ഭവൻ ഉപരോധിക്കുകയാണെങ്കിലും എല്ലാ ജീവനക്കാരും ഡ്യൂട്ടിക്കെത്തണമെന്ന് ഗവർണർ നിർദ്ദേശിച്ചു.ജീവനക്കാർക്ക് പ്രവേശിക്കാൻ പ്രധാന ഗേറ്റൊഴിവാക്കി മറ്റ് ഗേറ്റുകൾ ക്രമീകരിച്ചിട്ടുണ്ട്.എല്ലാവരും തിരിച്ചറിയൽ കരുതണം.ആരെയെങ്കിലും തടയുകയാണെങ്കിൽ വിവരം തന്നെ അറിയിക്കണം.ഉപരോധം കാരണം ഡ്യൂട്ടിക്കെത്താൻ കഴിയാത്തവരുടെ വിവരങ്ങളും അറിയിക്കണം.എന്തെങ്കിലും ക്രമസമാധാന പ്രശ്നങ്ങളുണ്ടായാൽ വിശദവിവരം അറിയിക്കണമെന്നും ഇത് ഗൗരവമായെടുക്കുമെന്നും ഗവർണർ ഉദ്യോഗസ്ഥരെ അറിയിച്ചു.







# യൂറോപ്പ് ചുറ്റിയടിച്ചവർ അമൃതപുരിയെന്ന വിദ്യാഭ്യാസഹബ്ബ് സന്ദർശിച്ചിട്ടുണ്ടോ; രാജ്യത്തെ ഏറ്റവും വലിയ എഡ്യുക്കേഷനിസ്റ്റാണ് അമ്മയെന്ന് അബ്ദുള്ളക്കുട്ടി

**തിരുവനന്തപുരം:** മാതാ അമൃതാനന്ദമയി രാജ്യത്തെ ഏറ്റവും വലിയ എഡ്യുക്കേഷനിസ്റ്റാണെന്ന് ബിജെപി ദേശീയ ഉപാധ്യക്ഷൻ അബ്ദുള്ളക്കുട്ടി.കേരളത്തെ ഒരു വിദ്യാഭ്യാസ ഹബ്ബ് ആക്കി മാറ്റുന്നതിനാണെല്ലാ പിണറായിയും, മന്ത്രി പരിവാരങ്ങളും യൂറോപ്പിലാകെ ചുറ്റിയടിച്ച് വന്നത്. ഇവർ ആരെങ്കിലും കൊല്ലത്തെ അമൃതപുരിയെന്ന വിദ്യാഭ്യാസ ഹബ്ബ് സന്ദർശിച്ചിട്ടുണ്ടോ എന്ന് അബ്ദുള്ളക്കുട്ടി ഫേസ്ബുക്ക് പോസ്റ്റിൽ ചോദിച്ചു. വി ശിവൻകുട്ടിയും, പി.രാജീവനും എന്തായാലും അവിടെ പോയിട്ടില്ല എന്ന് ഉറപ്പാണ്. പിണറായി സഖാവ് മകളെ ചേർക്കാൻ പണ്ട് കോയമ്പത്തൂരിലെ അമൃത കേമ്പസിൽ ബെർലിൻ കുഞ്ഞനന്തൻ സഖാവിന്റെ കൂടെ പോയ കാര്യം പരസ്യമായ ഒരു രഹസ്യമാണ് അല്ലേ? പക്ഷെ അന്ന് പിണറായി തലയിൽ മുണ്ടിട്ടിട്ടാണ് പോയതത്രേ എന്നും അബ്ദുള്ളക്കുട്ടി ഫേസ്ബുക്ക് പോസ്റ്റിൽ പറയുന്നു.

**പോസ്റ്റിന്റെ പൂർണരൂപം:**

ഈ മാസം ആദ്യവാരം മാതാ അമൃതാനന്ദമയിയെ സന്ദർശിക്കാനും , അമൃതപുരി ചുറ്റി കാണാനും അവസരം കിട്ടിയിരുന്നു അപ്പോൾ മനസ്സിൽ കുരുത്ത ആശയങ്ങളാണ് അല്പം വൈകിയാണെങ്കിലും എന്റെ എത്ര സുഹൃത്ത്ക്കളുടെ മുന്നിൽ പങ്കുവെക്കുന്നത് .. കേരളത്തെ ഒരു വിദ്യാഭ്യാസ ഹബ്ബ് ആക്കി മാറ്റുന്നതിനാണെല്ലാ പിണറായിയും, മന്ത്രി പരിവാരങ്ങളും യൂറോപ്പിലാകെ ചുറ്റിയടിച്ച് വന്നത് ഇവർ ആരെങ്കിലും കൊല്ലത്തെ അമൃതപുരിയിൽ പോയിട്ടുണ്ടോ? അമൃതപുരിയെന്ന വിദ്യാഭ്യാസ ഹബ്ബ് സന്ദർശിച്ചിട്ടുണ്ടോ? വി ശിവൻകുട്ടിയും, പി.രാജീവനും എന്തായാലും അവിടെ പോയിട്ടില്ല എന്ന് ഉറപ്പാണ് പിണറായി സഖാവ് മകളെ ചേർക്കാൻ പണ്ട് കോയമ്ബത്തൂരിലെ അമൃത കേമ്പസിൽ ബെർലിൻ കുഞ്ഞനന്തൻ സഖാവിന്റെ കൂടെ പോയ കാര്യം പരസ്യമായ ഒരു രഹസ്യമാണ് അല്ലേ? പക്ഷെ അന്ന് പിണറായി തലയിൽ മുണ്ടിട്ടിട്ടാണ് പോയതത്രേ! കാരണം സ്വാശ്രയ കോളേജ് വിരുദ്ധ സമരത്തിന്റെ ചോര ഉണങ്ങുന്നതിന് മുമ്ബായിരുന്നല്ലോ ആ യാത്ര. അതുകൊണ്ട് അദ്ദേഹത്തിന് അന്ന് കോയമ്ബത്തൂർ കേമ്പസ് പോലും ശരിക്കും കാണാൻ കഴിഞ്ഞിട്ടില്ല (150 ഏക്ര സ്ഥലം മരുഭൂമിയായിരുന്നു ... അവിടെ ഫലവൃക്ഷങ്ങൾ നട്ട് പിടിപ്പിച്ച് ഒരു പൂങ്കാവനമാക്കി മാറ്റി പിന്നെ സൗത്ത്ഇന്ത്യയിലെ ശ്രദ്ധേയമായ കേമ്ബസ് ആക്കിയ ചരിത്രമാണ് ഇവിടെ അമ്മ സൃഷ്ടിച്ചത് ,അത് ചുറ്റി കാണാൻ പോലും പാവം പിണറായിക്ക് ധൈര്യം കിട്ടാത്ത അവസ്ഥയിലായിരുന്നു അദ്ദേഹത്തിന്റെ രാഷ്ട്രീയം )സാരമില്ല. അന്നത്തെ അങ്ങയുടെ മാനസികാവസ്ഥ അന്നം കഴിക്കുന്ന ആർക്കും മനസ്സിലാവുന്നതാണ് . അതൊക്കെ പോട്ടെ പിണറായി ഇനിയെങ്കിലും കൊല്ലത്തെ അമൃതപുരി ചെന്ന് കാണണം. ഞാൻ അമൃത കേമ്ബസ് ചുറ്റികാണുന്നതിനിടയിൽ ചോദിച്ചു ഏതെങ്കിലും കേരളത്തിലെ ഒരു വിദ്യാഭ്യാസ മന്ത്രി ഈ സ്ഥാപനം എന്നെങ്കിലും സന്ദർശിച്ചിട്ടുണ്ടോ? കൂടെ ഉണ്ടായിരുന്ന സ്വാമി വിശ്വനാഥ അമൃത പറഞ്ഞത് ഇല്ല എന്നാണ്. കുടാതെ അദ്ദേഹം കൗതുകകരാമായ മറ്റൊ കാര്യം ഉണർത്തി മറ്റ് സംസ്ഥാനങ്ങളിലെ നിരവധി വിദ്യാഭ്യാസ മന്ത്രിമാർ വന്നിട്ടുണ്ട്. കേട്ടപ്പോൾ ആശ്ചര്യവും ദു:ഖവും തോന്നി. മന്ത്രി ശിവൻ കുട്ടി യോട് ഒരു അപേക്ഷയുണ്ട് നിങ്ങള് കെട്ടിയോളയും കൂട്ടി യൂറോപ്പിലെ വിയന്നയിലേക്ക് പോയത്പോലെ വരേണ്ടത് വള്ളിക്കാവിലേക്കാണ്എത്ര മനോഹരമായ കേമ്ബസ് ഇവിടുത്തെ കെട്ടിടങ്ങൾ പോലും സമ്ബന്ന രാജ്യങ്ങളിലെ വിദ്യാലയങ്ങളോട് കിടപിടിക്കുന്നതാണ് ഇങ്ങനെ ഒന്നല്ല വേറെ 7 കേമ്ബസ് കൂടി യുണ്ട്., കൊച്ചി, കോയമ്ബത്തൂർ, ചൈന്നൈ, മൈസൂർ, ബംഗ്ലൂരു, ഹരിയാനാ, ആന്ദ്രയിലെ അമരാവതി ,ഇങ്ങനെ 8 കേന്ദ്രങ്ങളിൽ രാജ്യമെമ്ബാടും വ്യാപിച്ച് കിടക്കുന്ന കേമ്ബസുകൾ അതില്ലാം കൂടി 25000 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട് നാനോ ടെക്നോളി, ആർടിഫിഷൽ ഇന്റലിജെൻസ് തുടങ്ങി അത്യന്താധുനിക കോഴ്സുകൾ വള്ളിക്കാവ് അമൃതപുരിയിലും, കൊച്ചിയിലും, ഷിക്കാഗോവിലും വരാനിരിക്കുന്ന റിസർച്ച് സെന്ററുകൾ ... അതിനെ 'റിവേഴ്സ് ബ്രെയിൻ ഡ്രെയിൻ'- എന്ന വിളിക്കാം ... ഈ രംഗത്ത് ഇത്രക്കും സംഭാവന ചെയ്ത വേറെ ഏതു സ്ഥാപനം ഇന്ത്യയിൽ ഉണ്ട്? പത്തു ലക്ഷത്തിൽ പരം സ്ക്വയർ ഫീറ്റ് സ്ഥലത്തു അമൃതപുരി, കൊച്ചി , ഫരീദാബാദ് എന്നിവടങ്ങളിൽ അടുത്ത മൂന്ന് വർഷത്തിനുള്ളിൽ വരാൻ പോകുന്ന റിസേർച്ച് പാർക്കുകൾ ഇന്ത്യയിലെ ശാസ്ത്ര സാങ്കേതിക ഗവേഷണ രംഗത്തെ ഒഴിച്ചു നിർത്താനാകാത്ത സ്ഥാപനങ്ങൾ ആയി തീരും എന്ന് തീർച്ച. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന മണ്ണിടിച്ചിൽ മുന്നറിയിപ്പ് സംവിധാനം, മത്സ്യത്തൊഴിലാളികൾക്ക് ഉൾക്കടലിൽ നിന്നും കരയിലേക്ക് ബന്ധപ്പെടാൻ സാധിക്കുന്ന വയർലെസ്സ്-ഇന്റർനെറ്റ് സംവിധാനം, ശരീരത്തിൽ ഘടിപ്പിക്കാവുന്ന ഇ സി ജി ഉൾപ്പെടെ ഉള്ള പ്രധാന വിവരങ്ങൾ ശേഖരിച്ചു ഡോക്ടർക്ക് വയർലെസ്സ് ആയി കൈമാറാവുന്ന വെയ്റെബിൾ ലാബ് ഓൺ ചിപ്പ് സങ്കേതങ്ങൾ , കാൻസർ പ്രതിരോധത്തിനായി ഉള്ള നാനോ സാങ്കേതിക വിദ്യ അടിസ്ഥാനമാക്കി ഉള്ള ഉപകരണങ്ങൾ , തുടങ്ങി അതിനൂതന സാങ്കേതിക മേഖലയിൽ അമൃതയിൽ നടക്കുന്ന ഗവേഷണങ്ങൾ ബഹുദൂരം മുന്നിലാണ്. അമൃതയിലെ ഗവേഷകർ തദ്ദേശീയമായി വികസിപ്പിച്ചെടുത്ത ബുള്ളെറ്റ് പ്രൂഫ് ജാക്കറ്റും, അഗ്നി-പ്രതിരോധ മെറ്റീരിയലുകൾ ഉപയോഗിച്ചുള്ള ടെന്റുകളും അതിർത്തികളിൽ നമ്മുടെ ജവാന്മാരുടെ ജീവനു കൂടുതൽ കരുതലും സുരക്ഷയും ഏകുന്നു എന്ന അറിവ് എന്നെ കൂടുതൽ സന്തോഷിപ്പിച്ചു.

തുടങ്ങി ലോകോത്തരനിലവാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ ... ഇന്ത്യയിൽ UGC റാങ്കിങ്ങിൽ അഞ്ചാം സ്ഥാനത്താണ് അമൃത ഡീംമ്ഡ് യൂണിവേഴ്സിറ്റി. അമൃതപുരി കേരളത്തിലെ ഒരു വിദ്യാഭ്യാസ ഹബ് ആണ് മെഡിക്കൽ , എഞ്ചിനീയറിങ്ങ് ആയുർവേദ ആർട്സ് &സയൻസ് കോളേജുകൾ , അതിനു വേണ്ടിയുണ്ടാക്കിയ കെട്ടിടങ്ങൾ കണ്ടാൽ യൂറോപ്പിൽ പിണറായിയും കൂട്ടരും കണ്ട കേമ്ബസുകളെ കിടപിടിക്കും. കേമ്ബസുകളും, സ്മാർട്ട് ക്ലാസ് റൂമുകളും ചുറ്റികണ്ടതിന് ശേഷം കേരള പിറവി ആഘോഷവും ഫസ്റ്റിയർ ബാച്ചിന്റെ ... കൂട്ടായ്മയും ഉൽഘാടനം ചെയ്താണ് അന്ന് ഞാൻ മടങ്ങിയത് ?? കേരളത്തിന്റെ ഘഉഎ / ഡഉഎ ഭരണക്കാർ ഈ അമൃത വിജ്ഞാന വിപ്ലവത്തോട് കാണിച്ച അനാദരവ് എത്ര ക്രൂരമായിരുന്നു.! അവർ ആരും തിരിഞ്ഞ് നോക്കിയില്ല. കാരണം മാതാ അമൃതാനന്ദമയി ആൾ ദൈവം, അവരെ ചെന്ന് കണ്ടാൽ പുരോഗമന കേരളം പുഛരിക്കും ഇതായിരിരുന്നു അബദ്ധവിചാരം മത്രമല്ല ജോൺ ബ്രിട്ടാസിനെപ്പോലുള്ളവർ നടത്തിയ ക്രൂരമായ അപവാദ പ്രചരണങ്ങൾ ... അങ്ങിനെ എന്തൊക്കെ യായിരുന്നു രാഷ്ട്രീയ കേരളത്തിന്റെ നെറികെട്ട പ്രചരണങ്ങൾ ! .... ആ കുടുസ് ചിന്താഗതി അതൊക്കെ പോട്ടെ അതെല്ലാം പഴയ കഥ കേരളം അമൃതപുരിയെ പുന:ർ വായന നടത്തണം. വിദ്യാഭ്യാസ മന്ത്രിമാർ , മുഖ്യമന്ത്രി അവിടം സന്ദർശിക്കണം എന്നിട്ട് നമ്മുടെ ഋഷി പരമ്ബരയുടെ നേർ അവകാശികളിൽ ഒരാളായ അമ്മയെ കണ്ട് സംസാരിക്കണം എനിക്ക് തോന്നുന്നത് കേരളത്തെ രാഷ്ട്രീയ ഹബ്ബ് ആക്കുവാൻ നമ്മുടെ ശ്രമം ആത്മാർത്ഥമാണെങ്കിൽ അമ്മയെ അതിന്റെ ബ്രാന്റ് അംബാസിഡർ ആക്കണം. ......സ്വാമിയിൽ നറിഞ്ഞത് ഈ മഹാപ്രസ്ഥാനത്തിന്റെ മുഴുവൻ ആശയങ്ങളും , അത് പ്രായോഗികമാക്കുന്നതിലും എല്ലാം മാതാ അമൃതാനന്ദമായി യുടെ കരസ്പർശം ഉണ്ട് അവർ , അമ്മ ഇടക്കിടെ പറയാറുണ്ട് ഞാനൊരു സാധാരണ സ്ത്രീയാന്നെന്ന് എന്റെ അനുഭവത്തിൽ പറയട്ടെ അവർ അസാധരണ പ്രതിഭയുള്ള ഒരു ദേവിയാണ് ....കൂടാതെ നിശ്ബദ്ധമായ ചാരിറ്റി പ്രവർത്തനം നിരവധിയാണ് അതിനെ പറ്റി മറ്റൊരിക്കൽ എഴുതാം അവസാനമായി പറയട്ടെ ഇന്ത്യയിലെ ഏറ്റവും വലിയ എഡ്യുക്കേഷനിസ്റ്റാണ് അമ്മ






# 'ഒരുതവണ എതിർപ്പ് പ്രകടിപ്പിച്ചാൽ അത് ബലാത്സംഗം തന്നെ'; എൽദോസ് കുന്നപ്പിള്ളിനെതിരായ സർക്കാർ അപ്പീൽ ഹൈക്കോടതിയിൽ

എൽദോസ് കുന്നപ്പിള്ളിൽ എംഎൽഎയുടെ മുൻകൂർ ജാമ്യം റദ്ദാക്കണമെന്നാവശ്യപ്പെട്ടുള്ള സർക്കാരിന്റെ അപ്പീലിൽ ഹൈക്കോടതി ഇന്ന് വീണ്ടും വാദം കേൾക്കും.സർക്കാരിന്റെ ഹർജി കഴിഞ്ഞ ദിവസം പരിഗണിക്കവെ ഹൈകോടതി നിരവധി ചോദ്യങ്ങൾ ഉന്നയിച്ചിരുന്നു. ഉഭയ സമ്മത പ്രകാരമായിരുന്നോ ലൈംഗിക ബന്ധത്തിൽ ഏർപ്പെട്ടെതെന്ന ചോദ്യമായിരുന്നു അതിൽ പ്രധാനം. പ്രതിയുമായി മാനസികമായും അല്ലാതെയും അടുപ്പത്തിൽ ആയിരുന്നു എന്ന പരാതിക്കാരിയുടെ ആദ്യ മൊഴിയിലൂടെ ഉഭയസമ്മത പ്രകാരമാണ് ലൈംഗിക ബന്ധത്തിൽ ഏർപ്പെട്ടതെന്ന് വ്യക്തമാണെന്ന് കോടതി നിരീക്ഷിച്ചിരുന്നു. എന്നാൽ ഉഭയക്ഷി സമ്മതപ്രകാരം എത്ര തവണ ബന്ധപ്പെട്ടാലും ഒരുതവണ എതിർപ്പ് പ്രകടിപ്പിച്ചാൽ അത് ബലാത്സംഗം തന്നെയാണെന്നാണ് സർക്കാരിന്റെ വാദം.അതേസമയം ബലാത്സംഗം പോലെ ക്രൂരമാണ് വ്യാജ ആരോപണം ഉന്നയിക്കുന്നതെന്നും കോടതി പറഞ്ഞിട്ടുണ്ട്. എൽദോസിന്റെ കുടുംബം സ്വാധീനിച്ചിരുന്നുവെന്ന് പരാതിക്കാരി കോടതിയെ അറിയിച്ചിരുന്നു. എം.എൽ.എ യുടെ ഭാര്യ ഇരയുമായി നടത്തിയ വാട്ട്സാപ്പ് ചാറ്റ് കോടതിക്ക് കൈമാറിയിട്ടുണ്ട്.



# എണ്ണ മോഷണശ്രമമെന്ന ആരോപണത്തിൽ നൈജീരിയ കട്ടക്കലിപ്പിൽ , നാവികരുടെ മോചനം വൈകും

**കൊച്ചി:** എണ്ണ മോഷണശ്രമം ആരോപിച്ച് ആഫ്രിക്കൻ രാജ്യമായ ഗിനി തടഞ്ഞുവച്ച് നൈജീരിയയ്ക്കു കൈമാറിയ ചരക്കു കപ്പൽ ഹെറോയിക് ഐഡനിലെ നാവികരുടെ മോചനം വൈകും.നൈജീരിയയിൽ വലിയ വൈകാരിക വിഷയമെന്ന വിധത്തിലാണു കൈകാര്യം ചെയ്യുന്നത്. അവിടത്തെ മാധ്യമങ്ങൾ അടക്കം എണ്ണമോഷണത്തിനെതിരേ കർശന നിലപാട് സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടു രംഗത്തുണ്ട്. ഇതു നൈജീരിയൻ സർക്കാരിനു അവഗണിക്കാൻ കഴിയില്ല.മാധ്യമങ്ങളുടെ സമ്മർദം അടക്കം സർക്കാരിൽ വരുന്നതോടെ ഇന്ത്യൻ നാവികരുടെ മോചനം ഇനിയും വൈകുമെന്ന സൂചനകളാണു പുറത്തുവരുന്നത്. ചില കാര്യങ്ങളിൽ വിശദീകരണം നൽകാൻ കപ്പൽ അധികാരികൾക്കു കഴിയാത്തതാണു പ്രശ്നങ്ങൾക്കു കാരണമെന്നാണു നൈജീരിയൻ മാധ്യമങ്ങളുടെ റിപ്പോർട്ട്. ഹെറോയിക് ഐഡൻ കപ്പൽ അനുമതി ഇല്ലാതെ എന്തിനു നൈജീരിയൻ ഓയിൽ ഫീൽഡിൽ പോയി, നൈജീരിയൻ നേവിയുടെ കപ്പൽ നിർത്താൻ പറഞ്ഞപ്പോൾ അനുസരിക്കാതിരുന്നത് എന്തുകൊണ്ട്, ഉപഗ്രഹബന്ധം എന്തിനു വിച്ഛേദിച്ചു തുടങ്ങിയ ചോദ്യങ്ങളാണ് ഇവർ ഉയർത്തുന്നത്. മൂന്നുമാസമായി കപ്പൽ പിടികൂടിയിട്ട്. വിജിത്തിന്റെ ലൈവോടെ മലയാളം മാധ്യമങ്ങൾ കൂടുതൽ വാർത്തയാക്കുകയും വിദേശകാര്യമന്ത്രി വി. മുരളീധരൻ ഇടപെടലുകൾ നടത്തുകയും ചെയ്തതോടെ നൈജീരിയൻ സർക്കാറുമായി നയതന്ത്ര ചർച്ചകളുമെത്തി. നൈജീരിയൻ സർക്കാരിനും രാഷ്ട്രീയ സമ്മർദമുണ്ട്.കപ്പൽ നൈജീരിയൻ തീരത്ത് എത്തിച്ചിട്ടുണ്ട്. മലയാളികൾ ഉൾപ്പെടെ 16 ഇന്ത്യക്കാർ കപ്പലിലുണ്ട്. നൈജീരിയൻ ജയിലിലേക്കു മാറ്റാതെ നാവികരെ കപ്പലിൽ തന്നെ തുടരാൻ അനുവദിക്കണമെന്ന് ഇന്ത്യ ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഇവരുടെ മോചനം എപ്പോഴത്തേക്ക് ഉണ്ടാകുമെന്നോ എന്തൊക്കെ നിയമനടപടികൾ നേരിടേണ്ടി വരുമെന്നോ ഉള്ള കാര്യത്തിൽ ഇതുവരെ ഉറപ്പു ലഭിച്ചിട്ടില്ല. ദക്ഷിണാഫ്രിക്കയിൽനിന്ന് നൈജീരിയയിലെത്തി ക്രൂഡോയിൽ നിറച്ചു നെതർലാൻഡ്സിലെ നോർട്ട്ഡാമിലെത്തുകയായിരുന്നു ഹെറോയിക് ഐഡന്റെ ലക്ഷ്യമെന്നാണു കപ്പൽ കമ്ബനി നൽകുന്ന വിശദീകരണം.നൈജീരിയയിലെ ഇന്ത്യൻ ഹൈക്കമ്മിഷൻ ഉദ്യോഗസ്ഥർ നൈജീരിയൻ സർക്കാരിലെ ഉന്നതരുമായി നാവികരുടെ മോചനം സംബന്ധിച്ചു ചർച്ച നടത്തുന്നുണ്ട്. രാജ്യാന്തര നിയമങ്ങൾ ലംഘിച്ചതിനാൽ ഹെറോയിക് ഐഡനെതിരേ നൈജീരിയൻ നിയമനടപടികളുണ്ടാകുമെന്നാണു സൂചനകൾ.എണ്ണ മോഷണം നൈജീരിയയുടെ എണ്ണ ഉത്പാദനത്തിൽനിന്നു പ്രതിദിനം 400,000 ബാരലുകളിലധികം (ബി.പി.ഡി.) കുറവുവരുത്തുന്നുണ്ടെന്നാണു കണക്കാക്കുന്നത്. ഇതോടെ എണ്ണ കയറ്റുമതിയിൽ ഒന്നാം സ്ഥാനത്തുണ്ടായിരുന്ന നൈജീരിയ രണ്ടാം സ്ഥാനത്തായി. എന്നാൽ, പിടിയിലായ കപ്പലിൽ എണ്ണ കയറ്റിയിരുന്നില്ല.അതേസമയം, കപ്പൽ ജീവനക്കാരെ മോചിപ്പിക്കാൻ ഇന്ത്യ നടത്തിയ നയതന്ത്ര നീക്കങ്ങൾ സങ്കീർണമായ നിയമപ്രശ്നങ്ങളിൽ കുരുങ്ങി. പ്രശ്നപരിഹാരം തേടി കപ്പൽ ജീവനക്കാർ രാജ്യാന്തര ട്രിബ്യൂണലിനെ സമീപിച്ചതോടെ, നിയമപരമായ തീർപ്പുണ്ടാകട്ടെ എന്ന നിലപാടിലേക്കു നൈജീരിയ നീങ്ങി. ക്രൂഡ് ഓയിൽ മോഷണം, സമുദ്രാതിർത്തി ലംഘനം തുടങ്ങിയ പരാതികളിൽ തീർപ്പുണ്ടാകട്ടെയെന്ന നിലപാടിൽ നൈജീരിയ ഉറച്ചു നിൽക്കുകയാണ്.



# അച്ചടക്കം കൊണ്ടും ഐക്യം കൊണ്ടും മാതൃക തീർത്ത് രാജ്ഭവൻ മാർച്ച്

ഗവർണർ ആരിഫ് മുഹമ്മദ് ഖാന്റെ ഭരണ ഘടനാ വിരുദ്ധ നടപടികൾക്കെതിരായ രാജ്ഭവൻ മാർച്ച് സംഘാടനമികവ് കൊണ്ട് ശ്രദ്ധേയം.ഒരു ലക്ഷം പേർ മാർച്ച് ചെയ്തപ്പോഴും നഗരത്തെ തിരക്കിലാക്കിയില്ല. അച്ചടക്കം കൊണ്ടും ഐക്യം കൊണ്ടും മാതൃക തീർക്കുകയാണ് കേന്ദ്ര ദല്ലാൾ ഭരണ നീക്കത്തിനെതിരായ കേരളത്തിന്റെ സമര ശബ്ദം.കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖലയെ തകർക്കാനും കേരള ജനതയുടെ അന്തസ്സിനെ താഴ്ത്തിക്കെട്ടാനുമുള്ള ഗവർണറുടെ നീക്കങ്ങൾക്കെതിരായ രാജ്ഭവൻ മാർച്ച് പൊതുജന പങ്കാളിത്തം കൊണ്ട് കൂടി ശ്രദ്ധേയമാവുകയാണ്. കേരള മനസ്സാക്ഷിയുടെ പ്രതിഷേധക്കടൽ തലസ്ഥാന നഗരിയെ പ്രകമ്ബനം കൊള്ളിച്ചു.ബസ്സുകളിലും ഓട്ടോറിക്ഷകളിലും ഇരുചക്ര വാഹനങ്ങളിലും അങ്ങനെ, കൈനീട്ടിയപ്പോൾ നിർത്തിക്കൊടുത്ത വണ്ടികളിൽ കയറി സാധാരണക്കാരായ മനുഷ്യർ വിവിധ സമരധാരകളായി വന്ന് പ്രതിഷേധക്കൊടിയെ ഉയർത്തിപ്പറപ്പിച്ചു. വാടകക്കെടുത്ത മനുഷ്യരല്ലെന്നും മുദ്രാവാക്യങ്ങളോടുള്ള യോജിപ്പിൽ സംഘടിച്ച് എത്തിയവർ ആണെന്നും ഉറച്ചുപറയുന്നവരുടെ സമര ബോധ്യം ഉയർന്നുകേട്ടു.നേരത്തെ തീരുമാനിച്ചുറപ്പിച്ച സമരകേന്ദ്രങ്ങളിൽ നിന്ന് യോജിച്ച് മുന്നോട്ടുപോയ മാർച്ച് രാജ്ഭവനെ മുദ്രാവാക്യ മുഖരിതമാക്കിയപ്പോഴും നഗരത്തെ കുരുക്കിലാക്കിയില്ല. നടക്കുന്ന സമരങ്ങളെല്ലാം അക്രമവും പ്രഹസനവും ആയി കലാശിക്കുന്നതിനിടയിൽ തലസ്ഥാന നഗരി കണ്ട ഏറ്റവും മികച്ച സമര സംഘാടനമായി മാതൃക തീർക്കുക കൂടിയാണ് രാജ്ഭവൻ പ്രതിഷേധ കൂട്ടായ്മ.

# 'സുധാകരന്റെ മനസ് ബിജെപിക്കൊപ്പം; ഓഫർ കിട്ടിയാൽ കോൺഗ്രസ് നേതാക്കൾ ഒപ്പംചേരും': കെ സുരേന്ദ്രൻ



**തിരുവനന്തപുരം :** കെ സുധാകരന്റെ മനസ് ബിജെപിക്ക് ഒപ്പമാണെന്ന് സംസ്ഥാന അധ്യക്ഷൻ കെ സുരേന്ദ്രൻ. അതേ മനസുള്ള നിരവധി നേതാക്കൾ ഇപ്പോൾ കേരളത്തിലെ കോൺഗ്രസിൽ ഉണ്ട്.വമ്പൻ ഓഫറുകൾ ലഭിച്ചാൽ കേരളത്തിലെ ഒട്ടുമിക്ക കോൺഗ്രസ് നേതാക്കളും ബിജെപിയിൽ ചേരുമെന്നും സുരേന്ദ്രൻ മാധ്യമങ്ങളോട് പ്രതികരിച്ചു.കോൺഗ്രസ് നേതാക്കളുടെ മനസിലുള്ള അരക്ഷിതാവസ്ഥയാണ് കെ സുധാകരനിലൂടെ പുറത്ത് വന്നത്. അതാണ് യാഥാർത്ഥ്യം. കോൺഗ്രസിന് ഇനി എത്രകാലം പിടിച്ച് നിൽക്കാൻ കഴിയും. കേരളത്തിലെ മാത്രമല്ല , ഇന്ത്യയിലൊട്ടുക്കും കോൺഗ്രസ് നേതാക്കൾക്ക് അരക്ഷിതബോധമുണ്ട്. എത്രയോ പിസിസി അധ്യക്ഷൻമാർ അടക്കമുള്ള കോൺഗ്രസിലെ പ്രമുഖർ പാർട്ടി വിട്ട് ബിജെപിയിൽ ചേർന്നിട്ടുണ്ട്. സുധാകരനെ ബിജെപിയിലേക്ക് ക്ഷണിച്ച് കൊണ്ടുള്ള പ്രസ്താവനകൾ ഒന്നും ഞാൻ നടത്തുന്നില്ല. പക്ഷേ കോൺഗ്രസിലെ മഹാഭൂരിപക്ഷം നേതാക്കളുടേയും മാനസികാവസ്ഥ സുധാകരനെ പോലെ തന്നെയാണ്. അത് ചിലർ സ്വകാര്യമായി പറയും. സുധാകരനെ പോലെയുള്ളവർ മാധ്യമങ്ങൾക്ക് മുന്നിൽ പരസ്യമായി പറയും - സുരേന്ദ്രൻ പറഞ്ഞു.



# സുധാകരനെ കെപിസിസി അധ്യക്ഷ സ്ഥാനത്തുനിന്ന് മാറ്റണം; ഹൈക്കമാൻഡിൽ പരാതിപ്രവാഹം

കെ സുധാകരനെ കെപിസിസി അധ്യക്ഷ സ്ഥാനത്തുനിന്ന് മാറ്റണമെന്ന് ആവശ്യപ്പെട്ട്ഹൈക്കമാൻഡിന് പരാതികളുടെ പ്രവാഹം.ഘടകകക്ഷികളിൽ നിന്ന് കോൺഗ്രസിനുള്ളിൽ നിന്നും നിരവധി പരാതികൾ ഹൈക്കമാൻഡിന് ലഭിച്ചു. ആർഎസ്എസുമായി ബന്ധപ്പെട്ട് സുധാകരൻ നടത്തുന്ന ചില പ്രസ്താവനകൾ പാർട്ടിയെ പ്രതിസന്ധിയിലാക്കുന്നതായി വിമർശനം ഉയരുന്നതിനിടെയാണ് കടുത്ത നടപടി വേണമെന്ന ആവശ്യവും ഉയരുന്നത്.നേരത്തെ തന്നെ ഇത്തരത്തിലുള്ള പരാമർശങ്ങൾ കെ സുധാകരൻ നടത്തിയിട്ടുണ്ടെങ്കിലും നെഹ്റു ആർഎസ്എസ് പക്ഷ നിലപാടെടുത്തുവെന്ന് സുധാകരന്റെ പ്രസ്താവന കോൺഗ്രസിനെ വലിയ പ്രതിരോധത്തിൽ ആക്കിയിരിക്കുകയാണ്. നെഹ്റു ആർഎസ്എസിനുമായി സന്ധി ചേർത്തു എന്ന നടത്തിയ പ്രസ്താവന ദേശീയതലത്തിൽ പോലും കോൺഗ്രസിന് വലിയ തിരിച്ചടിയാണ്.ആർഎസ്എസുമായി ബന്ധപ്പെട്ട് സുധാകരൻ നടത്തിയ ചില പ്രസ്താവനകളിൽ കോൺഗ്രസിലെ ചില മുതിർന്ന നേതാക്കൾക്ക് ഒപ്പം യുഡിഎഫിലെ ചില ഘടകകക്ഷികളും കടുത്ത അതൃപ്തിയിലാണ്. മുസ്ലിം ലീഗ് അടക്കം സുധാകരന്റെ പ്രസ്താവനക്കെതിരെ കടുത്ത നടപടി വേണമെന്ന ആവശ്യമാണ് മുന്നോട്ട് വെക്കുന്നത്.അതേസമയം സുധാകരൻ ഖേദം പ്രകടിപ്പിച്ചതോടെ വിവാദത്തിന്റെ അദ്ധ്യായം അടഞ്ഞു എന്നും ഘടകകക്ഷികളുടെ ആശങ്ക രമ്യമായി പരിഹരിക്കും എന്നും കെ സി വേണുഗോപാൽ പറഞ്ഞു. പ്രസ്താവനകൾ എതിരാളികൾ ആയുധമാക്കും എന്നാണ് ഹൈക്കമാൻഡ് വിലയിരുത്തൽ. അതുകൊണ്ട് തന്നെ അധ്യക്ഷ സ്ഥാനം ഒരു വട്ടം കൂടി കെ സുധാകരന് നൽകുന്ന കാര്യത്തിൽ ഹൈക്കമാൻഡ് പുനരാലോചന നടത്തിയേക്കും എന്നാണ് സൂചന. എന്നാൽ സുധാകരനെതിരെ നടപടി എടുത്തു കഴിഞ്ഞാൽ സുധാകരനും സുധാകരൊപ്പം നിൽക്കുന്ന നേതാക്കളും ബിജെപിയിലേക്ക് പോകുമോ എന്ന ആശയക്കുഴപ്പത്തിലാണ് ഹൈക്കമാൻഡ്.




# 'അത് വാക്കുപിഴ, ഒന്നാമത്തെ ശത്രു സംഘപരിവാർ; കോൺഗ്രസുകാരനായി ജീവിച്ച് മരിക്കാനാണ് എനിക്ക് ഇഷ്ടം' -കെ. സുധാകരൻ

**കണ്ണൂർ:** ആർ.എസ്.എസുമായി ബന്ധപ്പെട്ട വിവാദപ്രസ്താവനകളിൽ ഖേദപ്രകടനവുമായി കെ.പി.സി.സി പ്രസിഡന്റ് കെ. സുധാകരൻ.സംഘപരിവാറിനെ ജനാധിപത്യമൂല്യങ്ങൾ ഓർമ്മപ്പെടുത്താനാണ് പ്രസംഗത്തിൽ പഴയകാല ചരിത്രം പരാമർശിച്ചത്. എന്നാൽ, വാക്കുപിഴ സംഭവിച്ചു. മനസ്സിൽപോലും ഉദ്ദേശിക്കാത്ത തലങ്ങളിലാണ് അതിനെ എത്തിച്ചത്. കോൺഗ്രസിനെയും യുഡിഎഫിനെയും തന്നെയും സ്നേഹിക്കുന്നവർക്ക് ഇടയിൽ ആ പ്രസ്താവന ഉണ്ടാക്കിയ വേദനയിൽ അതിയായ ദുഃഖമുണ്ട് – അദ്ദേഹം പ്രസ്താവനയിൽ പറഞ്ഞു.'സംഘപരിവാർ, ഫാഷിസ്റ്റ് ശക്തികൾക്കെതിരെ സന്ധിയില്ലാത്ത പോരാട്ടം പ്രഖ്യാപിച്ച നെഹ്റുവിന്റെ പിന്മുറക്കാരനായ പൊതുപ്രവർത്തകനാണ് ഞാൻ. സംഘപരിവാർ, ഫാസിസ്റ്റ് ശക്തികളെ ഒന്നാമത്തെ ശത്രുവായി കണ്ടുകൊണ്ടുള്ള പൊതുപ്രവർത്തനശൈലിയാണ് എന്റേത്. എല്ലാ വർഗീയതയെയും ഒരുപോലെ എതിർക്കുക എന്നതാണ് എന്റെയും എന്റെ പാർട്ടിയുടെയും നിലപാട്. അതിന് എനിക്ക് കിട്ടിയ ജനകീയ അംഗീകാരമാണ് തിരഞ്ഞെടുപ്പുകളിലെ വിജയം.എന്നെ സ്നേഹിക്കുന്ന നല്ലവരായ ജനാധിപത്യ മതേതര ബോധമുള്ള ആർക്കും എന്റെ നിലപാടുകളെ സംശയത്തോടെ നോക്കി കാണാൻ കഴിയില്ലെന്ന ഉത്തമ ബോധ്യം എനിക്കുണ്ട്. ഏതെങ്കിലും പഴയ കാല ഓർമപ്പെടുത്തലുകളെ എന്റെ രാഷ്ട്രീയമായി കാണരുത്. ഗാന്ധിയെ വധിച്ച പ്രത്യയ ശാസ്ത്രത്തോട് മരണം വരെ പോരാടും എന്നതാണ് എന്റെ രാഷ്ട്രീയം. കമ്മ്യൂണിസ്റ്റ് ഫാഷിസത്തിനെതിരെയും എന്റെ പോരാട്ടം തുടർന്ന് കൊണ്ടേയിരിക്കും. എനിക്ക് ഒരു മുഖമേയുള്ളുവെന്ന് എന്നെ അറിയുന്നവർക്കറിയാം. കോൺഗ്രസിൽ ജനിച്ച്, കോൺഗ്രസുകാരനായി വളർന്ന്, കോൺഗ്രസുകാരനായി പ്രവർത്തിച്ച്, കോൺഗ്രസുകാരനായി മരിക്കാനാണ് എനിക്ക് ഇഷ്ടം.' -സുധാകരൻ വ്യക്തമാക്കി.

### സുധാകരന്റെ വിശദീകരണം:

കണ്ണൂർ ഡിസിസി നടത്തിയ നവോത്ഥാന സദസ്സിൽ ആധുനിക ഇന്ത്യയുടെ ശില്പിയും പ്രഥമ പ്രധാനമന്ത്രിയും ആയിരുന്ന ജവഹർലാൽ നെഹ്റുവിന്റെ മഹത്തായ ജനാധിപത്യബോധത്തെ ഉയർത്തിക്കാട്ടാനാണ് പ്രസംഗത്തിലൂടെ ശ്രമിച്ചത്. എതിർ ശബ്ദങ്ങളെപ്പോലും കേൾക്കാനും പരിഗണിക്കാനുമുള്ള അദ്ദേഹത്തിന്റെ രാഷ്ട്രീയ സഹിഷ്ണുതയെ ആഴത്തിൽ പരാമർശിക്കാനുമാണ് ശ്രമിച്ചത്.ഭാരതീയ ജനസംഘം സ്ഥാപക നേതാവായ ശ്യാമപ്രസാദ് മുഖർജിയെയും കോൺഗ്രസിനോടും നെഹ്റുവിനോടും രാഷ്ട്രീയമായി വിയോജിച്ചിരുന്ന ബി.ആർ.അംബേദ്കറേയും പ്രഥമമന്ത്രിസഭയിൽ ഉൾപ്പെടുത്തിയതിനെക്കുറിച്ച് ഓർമിപ്പിച്ചിരുന്നു. പ്രതിപക്ഷമില്ലാത്ത പാർലമെന്റിന്റെ പ്രവർത്തനം ജനാധിപത്യത്തിന് ഭൂഷണമല്ലെന്ന തിരിച്ചറിവിൽ കേവലം 16 അംഗങ്ങൾ മാത്രമുള്ള, മതിയായ അംഗസംഖ്യ പോലുമില്ലാത്ത സിപിഐ നേതാവായ എ.കെ.ഗോപാലന് പ്രതിപക്ഷ നേതാവിന്റെ പദവി കൊടുത്തതും അതേ പ്രസംഗത്തിൽ തന്നെ സൂചിപ്പിച്ചിരുന്നു.നെഹ്റുവിന്റെ ഉയർന്ന ജനാധിപത്യബോധത്തിന്റെ ചരിത്രത്താളുകളിൽ ശേഷിക്കുന്ന തെളിവുകളായിട്ടാണ് ഞാൻ അതിനെ വിശേഷിപ്പിച്ചത്. ഇപ്പോഴത്തെ ഇന്ത്യൻ ഭരണകൂടത്തിന്റെ ഫാസിസ്റ്റു മുഖത്തിന് നേരെ ജനാധിപത്യത്തിന്റെ കണ്ണാടി വെച്ചുകൊടുക്കാൻ വേണ്ടിയാണു അത്രയും പറഞ്ഞുവെച്ചത്.എതിർ ശബ്ദങ്ങളെപ്പോലും പരിഗണിക്കുകയെന്നത് ജനാധിപത്യത്തിന്റെ ഉയർന്ന മൂല്യമാണെന്ന് ഓർമപ്പെടുത്തുകയാണ് നെഹ്റു അനുസ്മരണ പ്രഭാഷണത്തിലൂടെ ഞാൻ ചെയ്തത്.ഉജ്ജ്വലമായ പോരാട്ടത്തിലൂടെ രാജ്യത്തെ ബ്രിട്ടീഷ് അധിനിവേശത്തിൽ നിന്നും സ്വതന്ത്രമാക്കിയ ഇന്ത്യൻ നാഷണൽ കോൺഗ്രസ് സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ പ്രഥമ മന്ത്രിസഭയിൽ എല്ലാ കക്ഷികൾക്കും പങ്കാളിത്തമുണ്ടാകണമെന്ന രാഷ്ട്രീയ ബോധമാണ് ഉയർത്തിപ്പിടിച്ചത്. എന്നാൽ 1952ലെ പ്രഥമ പൊതു തെരഞ്ഞെടുപ്പിൽ കോൺഗ്രസിന്റെ പ്രധാന എതിരാളി ശ്യാമപ്രസാദ് മുഖർജിയുടെ ഭാരതീയ ജനസംഘം തന്നെയായിരുന്നു. തെരഞ്ഞെടുപ്പിൽ വെറും മൂന്ന് സീറ്റിൽ മാത്രം അതിനെ തളച്ചിടാനും നെഹ്റുവിനും കോൺഗ്രസിനും സാധിച്ചു. 1957ലും 1964ലും സംഘപരിവാറിനെ പരാജയപ്പെടുത്തി വിജയമാവർത്തിക്കാൻ നെഹ്റുവിനു സാധിച്ചു. ആ തെരെഞ്ഞെടുപ്പുകളിലൊന്നും അവർ രണ്ടാം കക്ഷി പോലുമായിരുന്നില്ല. എന്നാൽ 1977ൽ സംഘപരിവാർ പ്രതിനിധികളായ എ. ബി. വാജ്പേയിയെയും എൽ.കെ. അദ്വാനിയെയും മന്ത്രിമാരാക്കിയത് കമ്മ്യൂണിസ്റ്റുകളും സോഷ്യലിസ്റ്റുകളും ചേർന്നാണ് എന്ന വസ്തുത നാം മറക്കരുത്.വർഗീയ ശക്തികളുമായി ചേർന്ന് ഒരിക്കലും തിരഞ്ഞെടുപ്പ് സഖ്യം ഉണ്ടാക്കരുതെന്നും എത്ര തിരഞ്ഞെടുപ്പുകൾ പരാജയപ്പെട്ടാലും വർഗീയ ശക്തികളുമായി സന്ധി ചെയ്യരുതെന്നും ജവഹർലാൽ നെഹ്റു ആവർത്തിച്ചു വ്യക്തമാക്കിയിട്ടുണ്ട്. അതു പൊതു നിലപാടായി സ്വീകരിച്ചു സംഘപരിവാർ ശക്തികളുമായി തിരഞ്ഞെടുപ്പു സഖ്യത്തിലേർപ്പെടാത്ത ഇന്ത്യയിലെ ഏക രാഷ്ട്രീയ പ്രസ്ഥാനവും ഇന്ത്യൻ നാഷണൽ കോൺഗ്രസാണ്. വലിയ ജനാധിപത്യം വിളമ്പുന്ന സിപിഎം പോലും ബിജെപിയുമായും സംഘപരിവാർ ശക്തികളുമായും പലപ്പോഴായി തിരഞ്ഞെടുപ്പ് സഖ്യം ഉണ്ടാക്കിയെന്നത് പരസ്യമായ വസ്തുതയാണ്. അതിന് ഒടുവിലത്തെ ഉദാഹരണമാണ് ബംഗാളിൽ സഹകരണ സംഘം തിരഞ്ഞെടുപ്പിലെ ബിജെപി-സിപിഎം സഖ്യം.നെഹ്റുവിനെ തമസ്ക്കരിക്കാനും ഗാന്ധിയെ നിന്ദിക്കാനും കോൺഗ്രസ്സ് മുക്ത ഭാരതം പ്രാവർത്തികമാക്കാനും ശ്രമിക്കുന്ന സംഘപരിവാറിനെ ജനാധിപത്യ മൂല്യങ്ങൾ ഓർമ്മപ്പെടുത്താനാണ് എന്റെ പ്രസംഗത്തിൽ പഴയകാല ചരിത്രം പരാമർശിച്ചത്. എന്നാൽ അതിനിടയിലുണ്ടായ വാക്കുപിഴ ഞാൻ മനസ്സിൽപോലും ഉദ്ദേശിക്കാത്ത തലങ്ങളിലാണ് അതിനെ എത്തിച്ചത്. അത് കോൺഗ്രസിനെയും യുഡിഎഫിനെയും എന്നെയും സ്നേഹിക്കുന്നവർക്ക് ഇടയിലുണ്ടാക്കിയ വേദനയിൽ എനിക്ക് അതിയായ ദുഃഖമുണ്ട്. സംഘപരിവാർ,ഫാസിസ്റ്റ് ശക്തികൾക്കെതിരെ സന്ധിയില്ലാത്ത പോരാട്ടം പ്രഖ്യാപിച്ച നെഹ്റുവിന്റെ പിന്മുറക്കാരനായ പൊതുപ്രവർത്തകനാണ് ഞാൻ. സംഘപരിവാർ,ഫാസിസ്റ്റ് ശക്തികളെ ഒന്നാമത്തെ ശത്രുവായി കണ്ടുകൊണ്ടുള്ള പൊതുപ്രവർത്തനശൈലിയാണ് എന്റേത്. എല്ലാ വർഗീയതയെയും ഒരുപോലെ എതിർക്കുക എന്നതാണ് എന്റെയും എന്റെ പാർട്ടിയുടെയും നിലപാട്. അതിന് എനിക്ക് കിട്ടിയ ജനകീയ അംഗീകാരമാണ് തിരഞ്ഞെടുപ്പുകളിലെ വിജയം. എന്നെ സ്നേഹിക്കുന്ന നല്ലവരായ ജനാധിപത്യ മതേതര ബോധമുള്ള ആർക്കും എന്റെ നിലപാടുകളെ സംശയത്തോടെ നോക്കി കാണാൻ കഴിയില്ലെന്ന ഉത്തമ ബോധ്യം എനിക്കുണ്ട്.ഏതെങ്കിലും പഴയ കാല ഓർമപ്പെടുത്തലുകളെ എന്റെ രാഷ്ട്രീയമായി കാണരുത്. ഗാന്ധിയെ വധിച്ച പ്രത്യയ ശാസ്ത്രത്തോട് മരണം വരെ പോരാടും എന്നതാണ് എന്റെ രാഷ്ട്രീയം. കമ്മ്യൂണിസ്റ്റ് ഫാസിസത്തിനെതിരെയും എന്റെ പോരാട്ടം തുടർന്ന് കൊണ്ടേയിരിക്കും.എനിക്ക് ഒരു മുഖമേയുള്ളുവെന്ന് എന്നെ അറിയുന്നവർക്കറിയാം. കോൺഗ്രസിൽ ജനിച്ച്,കോൺഗ്രസുകാരനായി വളർന്ന്,കോൺഗ്രസുകാരനായി പ്രവർത്തിച്ച്, കോൺഗ്രസുകാരനായി മരിക്കാനാണ് എനിക്ക് ഇഷ്ടം.






# ഡേറ്റിംഗ് ആപ്പിലൂടെ കെണിയൊരുക്കി വീട്ടുകാരിൽ നിന്നും അകറ്റി ശ്രദ്ധയെ കൊണ്ടുപോയി 35 കഷ്ണങ്ങളാക്കി വലിച്ചെറിഞ്ഞത് കൃത്യമായ പദ്ധതിയൊരുക്കി

**ന്യൂഡൽഹി:** ലിവിംഗ് ടുഗദർ പങ്കാളിയെ കൊലപ്പെടുത്തി 35 കഷണങ്ങളാക്കി വെട്ടിനുറുക്കി ഫ്രിഡ്ജിൽവച്ചശേഷം പല ദിവസങ്ങളിലായി ഡൽഹിയിലെ വിവിധ സ്ഥലങ്ങളിലെ വനപ്രദേശങ്ങളിൽ ഉപേക്ഷിച്ച യുവാവിനെ കഴിഞ്ഞ ദിവസം ഡൽഹി പൊലീസ് അറസ്റ്റ് ചെയ്തിരുന്നു.പങ്കാളി വിവാഹം കഴിക്കാൻ നിർബന്ധിച്ചതിനാലാണ് കൊലപ്പെടുത്തിയതെന്നാണ് അഫ്താബ് അമീൻ പൂനവാല എന്ന 28കാരൻ മൊഴി നൽകിയത്. മഹാരാഷ്ട്ര പാൽഘർ സ്വദേശിനിയും മുംബയിലെ മൾട്ടിനാഷണൽ കമ്പനിയുടെ കാൾ സെന്റർ ജീവനക്കാരിയുമായ ശ്രദ്ധ വാൽക്കറെയാണ് (26) കാമുകൻ ക്രൂരമായി കൊലപ്പെടുത്തിയത്.അഫ്താബ് അമീൻ, പങ്കാളിയെ ക്രൂരമായി കൊലപ്പെടുത്തിയത് അഞ്ച് മാസം മുൻപ്, മേയ് 18നായിരുന്നു. കൊലയ്ക്ക് ശേഷം ശരീരം 35 കഷണങ്ങളാക്കിയ ശേഷം പ്രതി പുത്തൻ ഫ്രിഡ്ജ് വാങ്ങി അതിൽ മൃതശരീരം സൂക്ഷിച്ചു. ഓരോദിവസവും പുലർച്ചെ രണ്ട് മണിക്ക് ശേഷം ഓരോ ശരീര ഭാഗവും പൊളിത്തീൻ കവറിൽ പൊതിഞ്ഞ് പുറത്ത് കൊണ്ട് പോയി മെഹ്റൗളിയിലെ വനമേഖലയിലെ പലിടത്തായി വലിച്ചെറിയുകയായിരുന്നു. പതിനെട്ടു ദിവസം കൊണ്ടാണ് മൃദേഹം പൂർണമായി ഉപേക്ഷിച്ചത്. പ്രതിയെ കൂട്ടിക്കൊണ്ടുവന്ന് വനമേഖലയിൽ നിന്നു കണ്ടെടുത്ത ശരീര ഭാഗങ്ങൾ ഫോറൻസിക് പരിശോധനക്കയച്ചു.ദക്ഷിണ ഡൽഹിയിലെ മെഹ്റൗളി ഭാഗത്തെ വാടക ഫ്ളാറ്റിലായിരുന്നു ഇരുവരും താമസിച്ചിരുന്നത്. മുംബയിലെ കാൾ സെന്ററിൽ ജോലി ചെയ്യുമ്ബോഴാണ് അഫ്താബുമായി പ്രണയത്തിലായത്. ശ്രദ്ധയുടെ വീട്ടുകാർ ബന്ധത്തെ എതിർത്തതോടെ ഇരുവരും എട്ട് മാസം മുമ്ബ് ഒളിച്ചോടി ഡൽഹിയിലെത്തുകയായിരുന്നു. യുവതി കുടുംബവുമായി ബന്ധപ്പെടുന്നത് നിലച്ചതോടെയാണ് മാതാപിതാക്കൾക്ക് സംശയം തോന്നിയത്. ഇതേതുടർന്ന് പിതാവ് വികാസ് മദൻ വാൽക്കർ മകളെ തേടി ഡൽഹിയിലെത്തി. താമസിച്ചിരുന്ന ഫ്ളാറ്റ് പൂട്ടിയ നിലയിലായിരുന്നു. തുടർന്ന് നവംബർ എട്ടിന് മകളെ കാണാനില്ലെന്ന് മുംബയ് പൊലീസിൽ പരാതി നൽകി. മകളെ അഫ്താബ് മർദ്ദിക്കാറുണ്ടെന്നും പരാതിയിൽ പറഞ്ഞിരുന്നു. കേസ് ഡൽഹി പൊലീസിന് കൈമാറിയതിനെ തുടർന്ന് ഡൽഹിയിലെ വസതിയിൽ നിന്ന് അഫ്താബിനെ പിടികൂടി. ഡേറ്റിംഗ് ആപ്പ് വഴിയാണ് അവർ സൗഹൃദത്തിലായതെന്നും മുബയിലും അവർ ഒരുമിച്ചായിരുന്നു താമസമെന്നും സൗത്ത് ഡൽഹി എ.ഡി.സി.പി അങ്കിത് ചൗഹാൻ പറഞ്ഞു.കോടതി പ്രതിയെ അഞ്ച് ദിവസത്തെ പൊലീസ് കസ്റ്റഡിയിൽ വിട്ടു.ഫോറൻസിക് വിദഗ്ധനായ ഡെക്സ്റ്റർ മോർഗൻയാൾ സീരിയൽ കില്ലറായ കഥപറയുന്ന അമേരിക്കൻ ടി.വി പരമ്പരയായ ഡെക്സ്റ്ററാണ് അഫ്താബിന് പ്രചോദനമെന്ന് ഡൽഹി പൊലീസ് പറഞ്ഞു. വിവാഹം കഴിക്കാമെന്ന് അഫ്താബ് ഉറപ്പ് നൽകിയെങ്കിലും അതിന് വിസമ്മതിച്ചതിനെ തുടർന്നാണ് കലഹത്തിലാകുന്നത്. ശ്രദ്ധയെ കൊലപ്പെടുത്തിയ ശേഷം അഫ്താബ് സൊമാട്ടോയിൽ നിന്നും ഭക്ഷണം ഓർഡർ ചെയ്തു. സംശയം തോന്നാതിരിക്കാൻ അതേ ഫ്ളാറ്റിൽ താമസം തുടർന്നു. വെട്ടി നുറുക്കിയ ശരീരഭാഗം സൂക്ഷിക്കാനായി 300 ലിറ്ററിന്റെ പുതിയ ഫ്രിഡ്ജ് വാങ്ങി. ദുർഗന്ധം വമിക്കാതിരിക്കാൻ എന്നും മുറിയിൽ സുഗന്ധദ്രവ്യങ്ങൾ കത്തിച്ചു വെച്ചിരുന്നു.വെട്ടിനുറുക്കിയ ശരീരഭാഗങ്ങളിൽ അഴുകി തുടങ്ങുന്ന ഭാഗങ്ങളായിരുന്നു ഇയാൾ ആദ്യം വലിച്ചെറിഞ്ഞിരുന്നത്. പോളി ബാഗുകളിൽ നിറച്ച ശരീരഭാഗങ്ങൾ ഇയാൾ ഇടയ്ക്കിടെ പരിശോധിച്ചിരുന്നു. വലിച്ചെറിഞ്ഞ ശ്രദ്ധയുടെ 25 ശരീരഭാഗങ്ങളിൽ 13 ശരീരഭാഗങ്ങൾ മാത്രമാണ് പൊലീസിന് കണ്ടെത്താനായിട്ടുള്ളത്. ഇത് യുവതിയുടേതാണോ എന്നറിയാൻ ഡി എൻ എ ടെസ്റ്റ് നടത്തേണ്ടി വരും. കൊലപാതകത്തിന് ഉപയോഗിച്ച ആയുധം ഇതുവരെ കണ്ടെത്താനായിട്ടില്ലെന്നതും പൊലീസിന് വെല്ലുവിളിയാണ്.മികച്ച നിലയിൽ വിദ്യാഭ്യാസം നേടിയ ആളാണ് പ്രതി. സെന്റ് ഫ്രാൻസിസ് ഹൈസ്കൂളിൽ നിന്ന് സ്കൂൾ വിദ്യാഭ്യാസവും, മുംബയിലെ എൽഎസ് റഹേജ കോളേജിൽ നിന്ന് ബിഎംഎസ് ബിരുദവും നേടി. പാചകവൃത്തിയിൽ അതീവ തത്പരനായിരുന്ന പൂനാവാല ഒരു ഫുഡ് ബ്ലോഗർ കൂടിയാണ്. ഇരുപത്തിയെണ്ണായിരത്തോളം പേരാണ് ഇൻസ്റ്റാഗ്രാമിൽ ഇയാളെ ഫോളോ ചെയ്തിരുന്നത്. കൊലപാതകത്തിന് ശേഷം ഇയാൾ മറ്റുള്ളവർക്ക് സംശയം തോന്നാതിരിക്കാനായി ശ്രദ്ധയുടെ സോഷ്യൽ മീഡിയ അക്കൗണ്ടുകളിൽ സജീവമായിരുന്നു. യുവതിയുടെ സുഹൃത്തുക്കളുമായി ഇയാൾ ചാറ്റ് ചെയ്തിരുന്നു. എന്നാൽ മാതാപിതാക്കളുമായി ബന്ധപ്പെട്ടിരുന്നില്ല.

# പി.എഫ്.ഐ നേതാവ് ഇ. അബൂബക്കറിന് ഇടക്കാല ജാമ്യമില്ല; എയിംസിൽ ചികിത്സ നൽകാമെന്ന് കോടതി




**ന്യൂഡൽഹി:** തിഹാർ സെൻട്രൽ ജയിലിൽ കഴിയുന്ന പോപുലർ ഫ്രണ്ട് ഓഫ് ഇന്ത്യ സ്ഥാപക ചെയർമാനും നിലവിൽ ദേശീയ കമ്മിറ്റി അംഗവുമായ ഇ.അബൂബക്കറിന് അർബുദത്തിനും പാർക്കിൻസൺസിനും അടിയന്തര വൈദ്യചികിത്സ ലഭ്യമാക്കാൻ ഇടക്കാല ജാമ്യം നൽകണമെന്ന ആവശ്യം ഡൽഹി കോടതി തള്ളി.അതിനു പകരം ഡൽഹി ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിൽ (എയിംസ്) ചികിത്സ ലഭ്യമാക്കാൻ കോടതി ഉത്തരവിട്ടു. ഇടക്കാല ജാമ്യം നിഷേധിച്ചതിനെതിരെ അബൂബക്കർ ഹൈകോടതിയെ സമീപിക്കുമെന്ന് അഡ്വ. ദീപക് പ്രകാശ് അറിയിച്ചു. അർബുദത്തിന്റെ മൂന്നാംഘട്ടത്തിലെത്തിയ അബൂബക്കറിന്റെ ഇടക്കാല ജാമ്യത്തിനുള്ള രണ്ടാമത്തെ അപേക്ഷയാണ് ഇതേ കോടതി തള്ളുന്നത്. ജാമ്യാപേക്ഷ നൽകിയപ്പോൾ അബൂബക്കറിന്റെ ആരോഗ്യ സ്ഥിതി സംബന്ധിച്ച് അടിയന്തര റിപ്പോർട്ട് നൽകാൻ ഡൽഹി പട്യാല ഹൗസ് അഡീഷനൽ സെഷൻസ് ജഡ്ജി ശൈലേന്ദ്ര മാലിക് തിഹാർ ജയിൽ അധികൃതർക്ക് നിർദേശം നൽകിയിരുന്നു.



# കരാറുകാരൻ മഴയത്ത് റോഡ് പണിതു; പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരെ സ്ഥലംമാറ്റി

**പത്തനാപുരം:** കായംകുളം പുനലൂർ പാതയുടെ അറ്റകുറ്റപ്പണി കരാറുകാരൻ മഴയത്ത് നടത്തിയ സംഭവത്തിൽ പൊതുമരാമത്ത് ഉദ്യോഗസ്ഥരെ സ്ഥലംമാറ്റി.ശബരിമല മണ്ഡലകാലം ആരംഭിക്കുന്നതിനുമുമ്ബായി എക്സി. എൻജിനീയറുടെ കർശന നിർദേശപ്രകാരം ജോലികൾ പുരോഗമിക്കുകയായിരുന്നു.നവംബർ അഞ്ചിനുമുമ്ബ് പണി തീർക്കണമെന്നായിരുന്നു നിർദേശം. അടൂർ പറക്കോട് ഹൈസ്കൂൾ ജങ്ഷനിൽ തകർന്ന പാതയുടെ ഭാഗം കഴിഞ്ഞ ദിവസം കട്ടർ ഉപയോഗിച്ച് മുറിച്ചുമാറ്റിയതിനുശേഷം ബെറ്റുമിൻ മെക്കാഡം നിറക്കുമ്ബോൾ ശക്തമായ മഴ പെയ്തു.മെറ്റൽ കൂനകളുടെ ഇടയിൽ വെള്ളം കെട്ടിയപ്പോൾ സ്ഥലത്തുണ്ടായിരുന്ന അസി. എൻജിനീയറും ഓവർസിയറും പണി അവസാനിപ്പിച്ച് തിരികെപോയി. മഴ കുറഞ്ഞപ്പോൾ അധികൃതരെ അറിയിക്കാതെ കരാറുകാരൻ പണി പുനരാരംഭിച്ചു. പ്രദേശവാസികൾ ദൃശ്യങ്ങൾ ചിത്രീകരിച്ച് പൊതുമരാമത്ത് മന്ത്രിക്ക് പരാതി നൽകി. മന്ത്രി ഉദ്യോഗസ്ഥരോട് വിശദീകരണം തേടി.മഴയത്ത് പണിത ഭാഗങ്ങൾ രാത്രിതന്നെ അസി. എക്സി. എൻജിനീയറുടെയും എ.ഇയുടെയും നേതൃത്വത്തിൽ എക്സ്കവേറ്റർ ഉപയോഗിച്ച് പൊളിച്ചുമാറ്റി കരാറുകാരന് നോട്ടീസ് നൽകി. എന്നാൽ, മഴയത്ത് പണിയുന്ന വിഡിയോ സഹിതമുള്ള പരാതി ലഭിച്ച മന്ത്രി മുഹമ്മദ് റിയാസ് ഉദ്യോഗസ്ഥർക്കെതിരെ കർക്കശ നിലപാട് സ്വീകരിക്കുകയായിരുന്നു.പൊതുമരാമത്ത് വകുപ്പ് അടൂർ അസി. എക്സി. എൻജിനീയർ എസ്. റസീനയെ മലപ്പുറത്തേക്കും അസി. എൻജിനീയർ അഭിലാഷിനെ കണ്ണൂരിലേക്കും ഓവർസിയർ സുമയെ ഇടുക്കിയിലേക്കുമാണ് സ്ഥലംമാറ്റിയത്.ജലഅതോറിറ്റി ദ്രുതഗതിയിൽ പൈപ്പിട്ടതിനുപിന്നാലെ ടാറിങ് നടത്തിയ പട്ടാഴിമുക്ക്-അടൂർ സെൻട്രൽ ജങ്ഷൻ വരെ നാലര കിലോമീറ്റർ പാതയുടെ ഇരുവശങ്ങളും താഴേക്കിരുന്ന് അപകടാവസ്ഥയിലായതാണ്. പൊലീസ് വിജിലൻസ് പരിശോധന നടത്തിയതിനെ തുടർന്നാണ് പാത നിർമാണത്തിലെ ക്രമക്കേട് കണ്ടെത്തിയത്.



# ബസ് സ്റ്റോപ്പും മസ്ജിദ് മാതൃകയിൽ ; നാല് ദിവസത്തിനുള്ളിൽ പൊളിച്ചുനീക്കണമെന്ന് എം പി

**ബെംഗളൂരു :** കർണാടകയിൽ മസ്ജിദ് മാതൃകയിൽ ബസ് സ്റ്റോപ്പ് നിർമ്മിച്ചത് വിവാദമാകുന്നു . മൈസൂരു -ഊട്ടി റോഡിലാണ് മസ്ജിദ് മാതൃകയിൽ ബസ് സ്റ്റോപ്പ് നിർമ്മിച്ചിരിക്കുന്നത് .ബസ് സ്റ്റോപ്പിന്റെ ചിത്രം സോഷ്യൽ മീഡിയയിലും പ്രചരിക്കുന്നുണ്ട് . കർണാടകയിൽ ഹിജാബ് വിവാദം അവസാനിച്ചിരിക്കുന്ന സന്ദർഭത്തിലാണ് ബസ് സ്റ്റോപ്പ് പോലും മസ്ജിദിന്റെ മാതൃകയിൽ പണിതിരിക്കുന്നത് . സംഭവത്തിനെതിരെ എം പി പ്രതാപ് സിംഹ രംഗത്തെത്തി.'ഞാൻ ആ ചിത്രം സോഷ്യൽ മീഡിയയിൽ കണ്ടു. ബസ് സ്റ്റാൻഡിന് രണ്ട് താഴികക്കുടങ്ങളുണ്ട്, നടുവിൽ വലുതും അതിനോട് ചേർന്നുള്ളവ ചെറുതുമാണ്. അതൊരു മസ്ജിദ് മാത്രമാണ് ' അദ്ദേഹം പറയുന്നു.മൂന്ന്-നാല് ദിവസത്തിനുള്ളിൽ കെട്ടിടം പൊളിച്ചുമാറ്റാൻ എഞ്ചിനീയർമാർക്ക് നിർദേശം നൽകിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു . മറിച്ചായാൽ പൊളിച്ചു നീക്കുമെന്നും അദ്ദേഹം മുന്നറിയിപ്പ് നൽകി

# പിഎസ്‌സിയിൽ മാറ്റങ്ങൾ വരുന്നു; ഒറ്റവർഷത്തെ ഒഴിവുകൾ മുൻകൂട്ടി റിപ്പോർട്ട് ചെയ്യാൻ നിർദേശം

**തിരുവനന്തപുരം:** പിഎസ്സിയിൽ ഒഴിവ് വന്ന ശേഷം മാത്രം റിപ്പോർട്ട് ചെയ്യുന്ന രീതിയിൽ മാറ്റം വരുന്നു.ഒറ്റ വർഷത്തെ ഒഴിവുകൾ മുൻകൂട്ടി റിപ്പോർട്ട് ചെയ്യണമെന്ന് പിഎസ്സി വ്യക്തമാക്കി.2023 ജനുവരി 1 മുതൽ ഡിസംബർ 31 വരെ ഉണ്ടാകാനിടയുള്ള ഒഴിവുകൾ ഈ മാസം 30-ാം തീയതിയ്ക്ക് മുൻപ് റിപ്പോർട്ട് ചെയ്യുന്ന രീതിയ്ക്ക് ഈ വർഷം തുടക്കമാകും. ആറ് മാസത്തിൽ കൂടുതലുള്ള അവധിയും ഒഴിവായി കണക്കാക്കും. ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ.ആശ തോമസ് ഇത് സംബന്ധിച്ച ഉത്തരവ് പുറത്തിറക്കി. പിഎസ്സിയ്ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ ഉദ്യോഗകയറ്റത്തിലൂടെ നികത്താൻ പാടില്ലെന്നും ഉത്തരവിൽ പറയുന്നു. പി എസ് സിക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണം,തീയതി എന്നിവ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിനെ അറിയിക്കണം. ആറ് മാസത്തിൽ കൂടുതൽ ഉള്ള അവധികൾ ഒഴിവായി പരിഗണിച്ചുകൊണ്ടായിരിക്കണം പിഎസ്സിയ്ക്ക് റിപ്പോർട്ട് ചെയ്യാൻ.ഒരു റാങ്ക് ലിസ്റ്റ് നിലവിലിരിക്കെ ഉണ്ടാകുന്ന മുഴുവൻ ഒഴിവുകളും ആ ലിസ്റ്റിൽ നിന്ന് തന്നെ നികത്തണം എന്ന പുതിയ നിർദേശവുമുണ്ട്. പി എസ് സി ലിസ്റ്റിലുള്ളതിൽ താത്ക്കാലിക നിയമനം പാടില്ല. ഏതെങ്കിലും ഒരു തസ്തികയിൽ പി എസ് സി റാങ്ക് ലിസ്റ്റുണ്ടെങ്കിൽ ആ തസ്തികയിലേക്ക് ദിവസക്കൂലി അടിസ്ഥാനത്തിലോ കരാർ അടിസ്ഥാനത്തിലോ എംപ്ലോയിമെന്റ് എക്സ്ചേഞ്ച് വഴിയോ ഉള്ള നിയമനം പാടില്ല. ഒഴിവുകളുടെ എണ്ണം ഡിസംബർ 1-ന് വകുപ്പിനെ അറിയിക്കണമെന്നും നിർദേശത്തിൽ പറയുന്നു.

# ഓടുന്ന കെ.എസ്.ആർ.ടി.സി ബസിന്റെ ടയർ ഇളകിത്തെറിച്ചു



**നെയ്യാറ്റിൻകര:** ഓടുന്നതിനിടെ കെ.എസ്.ആർ.ടി.സി ബസിന്റെ ടയർ ഇളകിത്തെറിച്ചു. യാത്രക്കാർ അത്ഭുതകരമായി രക്ഷപ്പെട്ടു.കരമന കളിയിക്കാവിള ദേശീയപാതയിൽ രാവിലെ ഒമ്ബത് മണിയോടെയാണ് അപകടം. 60 യാത്രക്കാരുമായി പോയ ബസിന്റെ ടയറാണ് ഇളകിത്തെറിച്ചത്. കെ.എസ്. ആർ.ടി.സി ബസ് ഡ്രൈവറുടെ സമയോചിത ഇടപെടലിലൂടെയാണ് യാത്രക്കാർ പരിക്കേൽക്കാതെ രക്ഷപ്പെട്ടത്.തിരുവനന്തപുരം ഭാഗത്ത് നിന്നും നാഗർകോവിലിലേക്ക് പോകുകയായിരുന്ന ഫാസ്റ്റ് ബസ് ദേശീയപാതയിൽ വെടിവെച്ചാൻകോവിലിലാണ് അപകടത്തിൽപെട്ടത്. മുന്നിൽ ഡ്രൈവറുടെ വശത്തെ ടയർ ഇളകി തെറിക്കുകയായിരുന്നു. ടയർ ഇളകിമാറിയതോടെ ബസ് മറ്റ് വാഹനങ്ങളിലിടിക്കാതെ ഏറെ ശ്രദ്ധയോടെയാണ് ബസിനെ ഡ്രൈവർ നിർത്തിയത്.ടയർ മറ്റ് വാഹനങ്ങളിലിടിക്കാതെ ഡിവൈഡറിൽ തട്ടി നിന്നതിനാൽ വലിയ അപകടം ഒഴിവായി. പിന്നിൽനിന്നും വാഹനങ്ങളില്ലാത്തതും സഹായകമായി.അപകടത്തെ തുടർന്ന് ദേശീയപാതയിൽ ഗാതഗത തടസ്സം നേരിട്ടു. ബസിലെ യാത്രക്കാർ ഡ്രൈവർ ഷജീറിന് അഭിനന്ദനവും നന്ദിയും പ്രകടിപ്പിച്ചാണ് മടങ്ങിയത്. ഡ്രൈവറുടെ മികവിനെ സംഭവ സ്ഥലത്തെത്തിയവരും പ്രശംസിച്ചു.




FILM WORLD




# അദൃശ്യം ഈ വെള്ളിയാഴ്ച്ച മുതൽ തീയറ്ററുകളിൽ

അദൃശ്യം എന്ന ബിഗ് ബഡ്ജറ്റ് ചിത്രം ഈ വെള്ളിയാഴ്ച്ച മുതൽ റിലീസ് ചെയ്യുമെന്ന് അണിയറ പ്രവർത്തകർ പുതിയ പോസ്റ്ററിലൂടെ അറിയിച്ചു.മലയാളം തമിഴ് എന്നീ ഭാഷകളിൽ ഒരേസമയം ചിത്രീകരണം നടത്തിയ ചിത്രം സംവിധാനം ചെയ്തത് നവാഗതനായ സാക് ഹാരിസാണ്. ഇപ്പോൾ സിനിമയിലെ പുതിയ ഗാനം പുറത്തിറങ്ങി.മലയാളത്തിൽ ജോജുജോർജ്,നരേൻ,ഷറഫുദ്ദീൻഎന്നിവർ പ്രധാനവേഷത്തിൽ എത്തുമ്ബോൾ തമിഴിൽ പ്രധാനവേഷത്തിൽ എത്തുന്നത് പരിയേറും പെരുമാൾ ഫെയിം കതിർ, നരേയ്ൻ, നട്ടി നടരാജൻ തുടങ്ങിയവരാണ്.കയൽ ആനന്ദി, പവിത്ര ലക്ഷ്മി, ആത്മീയ രാജൻ, പ്രതാപ് പോത്തൻ, ജോൺ വിജയ്, മുനിഷ്കാന്ത്, സിനിൽ സൈൻയുദീൻ ,വിനോദിനി, അഞ്ജലി റാവു, ബിന്ദു സഞ്ജീവ്, തുടങ്ങിയവരും ചിത്രത്തിൽ അഭിനയിക്കുന്നുണ്ട്.തമിഴിൽ യുക്കി എന്നാണ് ചിത്രത്തിന് പേരിട്ടിരിക്കുന്നത്. ചിത്രം നിർമ്മിക്കുന്നത് ഫോറൻസിക്, കള എന്നീ സൂപ്പർ ഹിറ്റ്ചിത്രങ്ങളുടെ ബാനർ ആയ ജുവിസ് പ്രൊഡക്ഷനും യു.എ.എൻ ഫിലിം ഹൗസ്, എ.എ.എ. ആർ പ്രൊഡക്ഷൻസ് എന്നിവരും സംയുക്തമായിട്ടാണ്.




# 'പടച്ചോനെ ഇങ്ങള് കാത്തോളി'

## പുതിയ ക്യാരക്ടർ പോസ്റ്റർ റിലീസ് ചെയ്തു

'പടച്ചോനേ... ഇങ്ങള് കാത്തോളി' എന്ന ചിത്രത്തിലെ പുതിയ ക്യാരക്ടർ പോസ്റ്റർ റിലീസ് ചെയ്തു. ബിജിത്ത് ബാല സംവിധാനം ചെയ്യുന്ന ചിത്രത്തിൽ നിർമ്മൽ പാലാഴി സ.കെ.വി.ജി എന്ന കഥാപാത്രത്തെ ആവതരിപ്പിക്കുന്നു. ശ്രീനാഥ് ഭാസിയും ആൻ ശീതളുമാണ് കേന്ദ്ര കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്. പ്രദീപ് കുമാർ കാവുംതറയാണ് തിരക്കഥ ഒരുക്കിയിരിക്കുന്നത്. ഹരിഷ് കണാരൻ, ഗ്രേസ് ആന്റണി, ജോണി ആന്റണി, ദിനേശ് പ്രഭാകർ, നിർമ്മൽ പാലാഴി, അലൻസിയർ, മാമുക്കോയ, വിജിലേഷ്, രഞ്ജിത്ത് മണമ്ബ്രക്കാട്ട്, ശ്രുതി ലഷ്മി, നിഷാ മാത്യു, നഥാനിയേൽ മഠത്തിൽ, ഉണ്ണി ചെറുവത്തൂർ, രഞ്ജിത്ത് കൺകോൽ എന്നിവരും ചിത്രത്തിൽ അണിനിരക്കുന്നുണ്ട്. ടൈനിഹാൻഡ്സ് പ്രൊഡക്ഷൻസിന്റെ ബാനറിൽ ജോസുകുട്ടി മഠത്തിൽ, രഞ്ജിത്ത് മണമ്ബ്രക്കാട്ട് എന്നിവരാണ് നിർമ്മാണം

# രോമാഞ്ചം ഉടൻ പ്രദർശനത്തിന് എത്തും

ജിത്തു മാധവൻ രചനയും സംവിധാനവും നിർവഹിച്ച് സൌബിൻ ഷാഹിർ മുഖ്യ വേഷത്തിലെത്തുന്ന 'രോമാഞ്ചം' എന്ന ചിത്രം ഉടൻ പ്രദർശനത്തിന് എത്തും.ഒരു ഹൊറർ കോമഡിയാണ് ചിത്രം എന്ന സൂചനയാണ് ട്രെയിലർ നൽകുന്നത്.ജോൺപോൾ ജോർജ്ജ് സൗബിൻ ഷാഹിർ ഗിരീഷ് എന്നിവർ ചേർന്ന് നിർമിക്കുന്ന ചിത്രത്തിൽ സനു താഹിർ ഛായാഗ്രഹണവും സുഷിൻ ഷ്യാം സംഗീതവും കിരൺ ദാസ് എഡിറ്റിംഗും നിർവഹിക്കുന്നു.

# '1744 വൈറ്റ് ആൾട്ടോ' ഉടൻ പ്രേക്ഷകരിലേക്ക് എത്തും

ഷറഫുദ്ധീൻ നായകനാകുന്ന ചിത്രം '1744 വൈറ്റ് ആൾട്ടോ' തിയറ്ററുകളിലെത്താൻ ഏതാനും ദിവസങ്ങൾ മാത്രം.നവംബർ 18 ന് ആണ് 1744 വൈറ്റ് ആൾട്ടോയുടെ തിയറ്റർ റിലീസ്. ടൈറ്റിൽ പ്രഖ്യാപനം മുതൽ പ്രേക്ഷകശ്രദ്ധയിലുള്ള ചിത്രമാണ് 1744 വൈറ്റ് ആൾട്ടോ. തിങ്കളാഴ്ച നിശ്ചയം എന്ന ശ്രദ്ധേയ ചിത്രത്തിനു ശേഷം സെന്ന ഹെഗ്ഡേയുടെ സംവിധാനത്തിൽ എത്തുന്ന ചിത്രം എന്നതും ഈ പ്രോജക്റ്റിന് ശ്രദ്ധ കൂട്ടുന്നു.പേര് സൂചിപ്പിക്കുന്ന പോലെ വെള്ള നിറത്തിലുള്ള ഒരു ആൾട്ടോ കാറാണ് ഈ സിനിമയിലെ കേന്ദ്ര കഥാപാത്രം. ഷറഫുദ്ധീൻ പൊലീസ് വേഷത്തിലെത്തുന്ന ചിത്രം നർമ്മത്തിനും ആക്ഷേപഹാസ്യത്തിനും പ്രാധാന്യം നൽകുന്ന ഒന്നാണ്. ഷറഫുദ്ധീൻ ഇതുവരെ ചെയ്യാത്ത തരത്തിൽ, വളരെ വ്യത്യസ്ത കഥാപാത്രമായിരിക്കും ഇത്. ഒപ്പം കഥയുടെ പരിസരവും സന്ദർഭങ്ങളും വ്യത്യസ്തത നിറഞ്ഞതാണെന്ന് നേരത്തെ പുറത്തെത്തിയ ടീസർ വ്യക്തമാക്കുന്നുണ്ട്.കാഞ്ഞങ്ങാട് പശ്ചാത്തലമാകുന്ന ചിത്രത്തിൽ വിൻസി അലോഷ്യസ്, രാജേഷ് മാധവൻ, നവാസ് വള്ളിക്കുന്ന്, അരുൺ കുര്യൻ, സ്മിനു സിജോ, ആര്യ സലിം, ആനന്ദ് മന്മഥൻ, സജിൻ ചെറുകയിൽ, ആർ ജെ നിൽജ, രഞ്ജി കാങ്കോൽ തുടങ്ങിയവരാണ് മറ്റ് അഭിനേതാക്കൾ. കബിനി ഫിലിംസിന്റെ ബാനറിൽ മൃണാൾ മുകുന്ദൻ, ശ്രീജിത്ത് നായർ, വിനോദ് ദിവാകർ എന്നിവർ ചേർന്നാണ് ഈ സിനിമ നിർമ്മിക്കുന്നത്. ഡ്രീം ബിഗ് ഫിലിംസാണ് ചിത്രം വിതരണം ചെയ്യുന്നത്.








# എഫ് ഐ ഇവെന്റ്സ് – ഇന്ത്യയിലെ ആദ്യ ആറ്റിറ്റുഡ് ഹണ്ട്

നവംബർ 13 ഞായറാഴ്ച്ച കൊച്ചി - നെടുമ്ബാശ്ശേരിയിലെ ഐസ് ലാൻഡ് കൺവെൻഷൻ സെന്ററിൽ വെച്ച് 6 മണിക്കൂറോളം നീണ്ടുനിന്ന ഇന്ത്യയിലെ ആദ്യത്തെ ആറ്റിറ്റുഡ് ഹണ്ട് - 'മാൻ ഓഫ് കേരള', 'വുമൺ ഓഫ് കേരള' എന്നീ ടൈറ്റിലുകൾക്ക് വേണ്ടി ഏറെ പുതുമകളേറിയ മൂന്നു റൗണ്ട്കളിലൂടെയാണ് എഫ് ഐ ഇവെന്റ്സ് ഷോ അവതരിപ്പിച്ചത്.ഷോ പ്രൊഡ്യൂസർ രഞ്ജിത്ത് എം പി യും, ഡാലുകൃഷ്ണദാസ് കൊറിയോഗ്രാഫറും ആയിട്ടുള്ള ഈ ഷോ സംവിധാനം ചെയ്തത് ഇടവേള ബാബു ആണ്.18 നും 60 വയസ്സിനിടയിലുമുള്ള 47 മൽസരാർത്ഥികൾ മാറ്റുരച്ച ഈ ഇവന്റിൽ - വുമൺ ഓഫ് കേരളയുടെ വിജയി നബില ഫിറോസ്ഖാനും ഫസ്റ്റ് റണ്ണർ അപ്പ് അനഘ സന്ദേശ്നും സെക്കൻഡ് റണ്ണർ അപ്പ് വൈഷ്ണവിക്കും ലഭിച്ചു. മാൻ ഓഫ് കേരളയിൽ മാധവ് നിരഞ്ജൻ വിജയിയായപ്പോൾ, ഫസ്റ്റ് റണ്ണർ

BUSINESS NEWS




# ജെഡി പവർ 2022 ഉപഭോക്തൃ സംതൃപ്തി സർവേ

## ഇന്ത്യ സെയിൽസ് സംതൃപ്തി സൂചികയിൽ എംജി ഇന്ത്യ ഏറ്റവും ഉയർ റാങ്കിംഗ്

**കൊച്ചി:** ജെഡി പവർ 2022 ഇന്ത്യ സെയിൽസ് സംതൃപ്തി സൂചികയിൽ എംജി ഇന്ത്യ ഏറ്റവും ഉയർ റാങ്കിംഗ് നേടി. 1,000 പോയിന്റ് സ്കെയിലിൽ, എംജി 881 സ്കോർ ചെയ്തു, ടൊയോ' ഇന്ത്യ (878), ഹ്യൂണ്ടായ് ഇന്ത്യ (872) എിവ യഥാക്രമം രണ്ടും മൂും സ്ഥാനങ്ങളിൽ. ടൊയോ'യും ഹ്യൂണ്ടായിയും തങ്ങളുടെ നിലവാരം ആവർത്തിച്ചുകൊണ്ട് തുടർച്ചയായ രണ്ടാം വർഷമാണ് എംജി പഠനത്തിൽ ഓമതെത്തുത്. 2021 ജനുവരി മുതൽ ഡിസംബർ വരെ പുതിയ വാഹനങ്ങൾ വാങ്ങിയ 6618 ഉടമകളിൽ നിുള്ള പ്രതികരണങ്ങളാണ് 2022ലെ ഇന്ത്യ സെയിൽസ് സാറ്റിസ്ഫാക്ഷൻ സ്റ്റഡിക്കായി വിലയിരുത്തിയത്. 2022 ജൂ മുതൽ സെപ്റ്റംബർ വരെയാണ് പഠനം നടത്തിയത്. ഡിജിറ്റൈസേഷന്റെ കാലഘ'ത്തിൽ പോലും, ഷോറൂമുകളിലെ ഫിസിക്കൽ ഉൽപ്പ കണ്ടെത്തൽ വിൽപ്പന പ്രക്രിയയിൽ ഉപഭോക്താക്കൾക്ക് പ്രധാനമാണെ് പഠനം എടുത്തുകാണിക്കുു. 2021 മുതൽ നീൽസ ഐക്യുവുമായി ചേർ ഇന്ത്യ സെയിൽസ് സാറ്റിസ്ഫാക്ഷൻ ഇൻഡക്സ് പഠനം ജെഡി പവർ നടത്തിയത്. തൽക്ഷണ വിവര ലഭ്യതയുടെ കാലഘ'ത്തിൽപ്പോലും വിൽപ്പനകസൾ'ന്റ് നയിക്കു ഉൽപ്പ കണ്ടെത്തൽ, ഉല്പം വാങ്ങുതിന്റെ അനുഭവം വർദ്ധിപ്പിക്കുതാണ്. ഉപയോക്താക്കൾ അവർക്കാവശ്യമുള്ള ഉൽപ്പത്തിനായി ഷോറൂമിലേക്കു പോകുമ്പോൾ തടസമില്ലാതെ ഉൽപ്പം കണ്ടെത്താൻ കഴിയുത് സംതൃപ്തിക്കു കാരണമാവുകയും ഡീലർ റഫറലുകളിലേക്കു നയിക്കുകയും ചെയ്യുമെ് നീൽസ ഐക്യുവിലെ ഓ'ോമോ'ീവ് പ്രാക്റ്റീസ് ലീഡ് സന്ദീപ് പാണ്ഡെ പറയു ന്നു



# ലാഭവിഹിതം പ്രഖ്യാപിച്ച് ഒഎൻജിസി; അറ്റാദായത്തിൽ 30% ഇടിവ്

സർക്കാർ ഉടമസ്ഥതയിലുള്ള ഒഎൻജിസിയുടെ അറ്റാദായം 2022-23 സാമ്പത്തിക വർഷത്തിൻറെ രണ്ടാം പാദത്തിൽ 30 ശതമാനം കുറഞ്ഞു.ജൂലൈ-സെപ്റ്റംബർ കാലയളവിൽ 12,826 കോടി രൂപയുടെ അറ്റാദായമാണ് കമ്പനി നേടിയത്. കഴിഞ്ഞ വർഷം ഇതേ കാലയളവിൽ ഒഎൻജിസി 18,347.7 കോടി രൂപ അറ്റാദായം നേടിയിരുന്നു.അന്താരാഷ്ട്ര തലത്തിൽ എണ്ണ, വാതക വില ഉയരുന്ന സാഹചര്യത്തിൽ കേന്ദ്ര സർക്കാർ പ്രത്യേക നികുതി ചുമത്തിയതാണ് ലാഭത്തിൽ ഇടിവുണ്ടാക്കിയത്. ഒഎൻജിസിയുടെ വരുമാനം 57 ശതമാനം ഉയർന്ന് 38,321 കോടി രൂപയായി. ആഭ്യന്തര ഉത്പാദനത്തിൽ, രാജ്യത്തെ ഏറ്റവും വലിയ ക്രൂഡ് ഓയിൽ ആൻഡ് നാച്ചുറൽ ഗ്യാസ് കമ്പനിയായ ഒഎൻജിസിക്ക് 71 ശതമാനം വിഹിതമുണ്ട്. ഓഹരി ഒന്നിന് 6.75 രൂപ ഇടക്കാല ലാഭവിഹിതവും കമ്പനി പ്രഖ്യാപിച്ചു.ഇടക്കാല ലാഭവിഹിതമായി 8,492 കോടി രൂപയാണ് ഒഎൻജിസി നീക്കിവച്ചിരിക്കുന്നത്. ലാഭവിഹിതത്തിൻറെ ഭൂരിഭാഗവും കേന്ദ്ര സർക്കാരിനായിരിക്കും. ഒഎൻജിസിയിലെ കേന്ദ്ര വിഹിതം 58.89 ശതമാനമാണ്. ഒഎൻജിസിയുടെ ഓഹരികൾ നിലവിൽ 2.30 ശതമാനം ഉയർന്ന് 142.45 രൂപയിലാണ് വ്യാപാരം നടത്തുന്നത്.

# എസ്ബിഐ വായ്പാനിരക്ക് ഉയർത്തി

ന്യൂഡൽഹി: എംസിഎൽആർ അധിഷ്ഠിത വായ്പാനിരക്ക് എസ്ബിഐ വർധിപ്പിച്ചു. വിവിധ കാലാവധിയിലുള്ള വായ്പകളുടെ പലിശനിരക്കിൽ പത്തുമുതൽ പതിനഞ്ച് ബേസിക് പോയന്റിന്റെ വരെ വർധനയാണ് വരുത്തിയത്.പുതുക്കിയ നിരക്ക് ഇന്ന് മുതൽ പ്രാബല്യത്തിൽ വരും. ഇതോടെ ഇടപാടുകാരുടെ വായ്പാചെലവ് വീണ്ടും വർധിക്കും.ഒരു മാസം മുതൽ മൂന്ന് മാസം വരെ കാലാവധിയുള്ള എംസിഎൽആർ 7.60 ശതമാനത്തിൽ നിന്ന് 7.75 ശതമാനമായി ഉയർന്നു. ആറുമാസം, ഒരു വർഷം കാലാവധിയുള്ള എംസിഎൽആർ 7.90 ശതമാനത്തിൽ നിന്ന് 8.05 ശതമാനമായാണ് ഉയർത്തിയത്. മൂന്ന് വർഷം കാലാവധിയുള്ള എംസിഎൽആർ 8.35 ശതമാനമായും വർധിച്ചു. 8.25 ശതമാനത്തിൽ നിന്നാണ് വർധിപ്പിച്ചത്.വിവിധ വായ്പകൾക്ക് പലിശനിരക്ക് നിർണയിക്കുന്നതിന് 2016ൽ റിസർവ് ബാങ്കാണ് എംസിഎൽആർ കൊണ്ടുവന്നത്. വായ്പയ്ക്ക് ബാങ്ക് ഓഫർ ചെയ്യുന്ന കുറഞ്ഞ പലിശനിരക്കാണിത്. ഇതിനെ അടിസ്ഥാനമാക്കിയാണ് ബാങ്കുകൾ വായ്പ അനുവദിക്കുന്നത്.





## പൊള്ളാർഡ് ഐ. പി. എൽ കരിയർ അവസാനിപ്പിച്ചു; ഇനി മുംബൈ ഇന്ത്യൻസിന്റെ ബാറ്റിങ് പരിശീലകൻ

ഇന്ത്യൻ പ്രീമിയർ ലീഗിൽ മുംബൈ ഇന്ത്യൻസിന്റെ വെസ്റ്റിൻഡീസ് വെടിക്കെട്ട് താരം കീറൺ പൊള്ളാർഡ് ഐ.പി.എൽ കരിയർ അവസാനിപ്പിച്ചു. ഐ.പി.എൽ കണ്ട മികച്ച വിദേശ താരങ്ങളിലൊരാളായ പൊള്ളാർഡ്, 13 സീസണുകളിൽ മുംബൈയുടെ ജഴ്സിയണിഞ്ഞ ശേഷമാണ് കളി മതിയാക്കുന്നത്. എന്നാൽ, ബാറ്റിങ് പരിശീലകനെന്ന നിലയിൽ 35കാരൻ മുംബൈക്കൊപ്പം തുടരും.പൊള്ളാർഡ് 2010ലാണ് മുംബൈ ഇന്ത്യൻസിനൊപ്പം ചേർന്നത്. ടീമിനൊപ്പം അഞ്ച് ഐ.പി.എൽ, രണ്ട് ചാമ്പ്യൻസ് ലീഗ് കിരീട നേട്ടങ്ങളിൽ അദ്ദേഹം പങ്കാളിയായി. ഐ.പി.എല്ലിൽ 171 ഇന്നിങ്സുകളിൽനിന്നായി 147.32 സ്ട്രൈക്ക് റേറ്റിൽ 3412 റൺസ് താരം നേടിയിട്ടുണ്ട്. 16 അർധ സെഞ്ച്വറികളാണ് അടിച്ചെടുത്തത്. 69 വിക്കറ്റും 103 ക്യാച്ചുകളും സമ്പാദ്യമായുണ്ട്. ഐ.പി.എല്ലിൽ ഒറ്റ ടീമിനായി 100 മത്സരങ്ങളിലെങ്കിലും കളത്തിലിറങ്ങിയ അപൂർവം താരങ്ങളിൽ ഒരാളാണ് പൊള്ളാർഡ്. വിരാട് കോഹ്‍ലി (റോയൽ ചലഞ്ചേഴ്സ് ബംഗളൂരു), സുനിൽ നരെയ്ൻ (കൊൽക്കത്ത നൈറ്റ് റൈഡേഴ്സ്), ജസ്പ്രീത് ബുംറ, ലസിത് മലിംഗ (ഇരുവരും മുംബൈ ഇന്ത്യൻസ്) എന്നിവരാണ് പട്ടികയിലുള്ള മറ്റുള്ളവർ.



## നിർണായക നീക്കവുമായി ബിസിസിഐ; ധോണിയെ ബന്ധപ്പെട്ടതായി സൂചന

**ന്യൂഡൽഹി:** ടി20 ലോകകപ്പിലെ നിരാശാജനകമായ പ്രകടനത്തിനു പിന്നാലെ സുപ്രധാന ഇടപെടലുമായി ബി.സി.സി.ഐ. ഇന്ത്യയുടെ ഇതിഹാസ നായകൻ മഹേന്ദ്ര സിങ് ധോണിയെ ടീമിന്റെ നിർണായക സ്ഥാനത്തേക്ക് തിരിച്ചുകൊണ്ടുവരാൻ നീക്കം നടത്തുന്നതായാണ് റിപ്പോർട്ട്.ടി20 ടീമിനെ ഉടച്ചുവാർക്കാനുള്ള ദൗത്യവുമായായിരിക്കും ധോണി എത്തുകയെന്നാണ് അറിയുന്നത്.ബി.സി.സി.ഐ വൃത്തങ്ങളെ ഉദ്ധരിച്ച് 'ദി ടെലഗ്രാഫ്' ആണ് പുതിയ നീക്കം റിപ്പോർട്ട് ചെയ്തത്. ദേശീയ ടി20 ടീമിന്റെ ഡയറക്ടർ ഓഫ് ക്രിക്കറ്റ് എന്ന സ്ഥാനത്തേക്കാണ് ധോണിയെ പരിഗണിക്കുന്നത്. സ്ഥിരം പദവിയായിരിക്കും ഇതെന്നാണ് അറിയുന്നത്. അടുത്ത സീസണോടെ ധോണി ഐ.പി.എല്ലിൽ നിന്നും വിരമിക്കുമെന്ന് സൂചനയുണ്ട്.ടി20 സ്പെഷലിസ്റ്റുകളെ വളർത്തിയെടുക്കുകയാണ് ബി.സി.സി.ഐ ലക്ഷ്യമിടുന്നത്. ഇതിനായി ഒരുകൂട്ടം താരങ്ങളെ പ്രത്യേകമായി പരിശീലിപ്പിക്കാൻ ധോണിയെ ഏൽപിക്കും. ഈ മാസം അവസാനത്തിൽ പ്രതീക്ഷിക്കപ്പെടുന്ന ബി.സി.സി.ഐ ഉന്നതതല യോഗത്തിൽ ഇക്കാര്യത്തിൽ തീരുമാനമുണ്ടായേക്കും.




## സഹോദരപ്പെരുമയിൽ ഖത്തർ ലോകകപ്പ്; കളിക്കിറങ്ങുന്നത് അഞ്ചു ജഴ്സിയിൽ എട്ടു സഹോദരങ്ങൾ

**ദോഹ:** ലോക കാൽപന്തു പോരാട്ടം കിക്കോഫ് വിസിൽ കാത്തുനിൽക്കെ ടീമുകളേറെയും ഖത്തറിലെത്തുകയോ പുറപ്പെടാനൊരുങ്ങിനിൽക്കുകയോ ആണ്. കപ്പുയർത്തിയാലും നേരത്തെ മടങ്ങിയാലും ഇതിഹാസങ്ങൾക്കൊപ്പം ലോകപോരാട്ടത്തിനിറങ്ങാൻ കാത്തുനിൽക്കുകയാണ് ടീമുകളും കളിക്കാരും. എന്നാൽ, ചില ടീമുകളിൽ ഒരേ വീട്ടിൽനിന്ന് ഒന്നിലേറെ പേർ കളിക്കാനെത്തുന്നുവെന്ന അപൂർവ സവിശേഷതയും മുമ്പുള്ളവയെപോലെ ഖത്തർ ലോകകപ്പിനുമുണ്ട്.നാലു രാജ്യങ്ങളിൽനിന്ന് അതിലേറെ രാജ്യങ്ങൾ സഹോദരപ്പെരുമയിൽ ഖത്തർ ലോകകപ്പ്; കളിക്കിറങ്ങുന്നത് അഞ്ചു ജഴ്സിയിൽ എട്ടു സഹോദരങ്ങൾക്കായി ബൂട്ടുകെട്ടുന്ന എട്ടു പേരാണ് ഇത്തവണ സഹോദരന്മാരായി ഖത്തറിലെത്തുന്നത്. നാലു പേർ ആഫ്രിക്കയിൽനിന്നും നാലു പേർ യൂറോപിൽനിന്നും.

### എഡൻ ഹസാർഡ്, തൊർഗൻ ഹസാർഡ്:

ഒരു കുടുംബത്തിലെ അച്ഛനും അമ്മയും ഒപ്പം നാലു മക്കളും ഒരേ മികവിൽ പന്തു തട്ടുന്നവരാകുക. അതിൽ പകുതി പേരെങ്കിലും ദേശീയ ടീമിൽ അവിഭാജ്യ ഘടകങ്ങളാകുക. ചരിത്രത്തിൽ സമാനതകളില്ലാത്ത മാതൃകയുമായി ബെൽജിയം ടീമിൽ രണ്ടു പേരുണ്ട്. ഹഡൻ ഹസാർഡും അനുജൻ തൊർഗൻ ഹസാർഡും. രണ്ടു വയസ്സിന്റെ ഇളപ്പമുള്ള അനുജൻ ക്ലബ് തലത്തിൽ ബുണ്ടസ് ലിഗയിൽ ബൊറൂസിയ ഡോർട്മണ്ടിനൊപ്പം പന്തുതട്ടുമ്പോൾ റയൽ മഡ്രിഡിലാണ് എഡൻ. ഇരുവരെയും വെട്ടാൻ അവസരം പാർത്ത് രണ്ട് അനുജന്മാർ വരിയിൽ കാത്തിരിപ്പിലാണ്- കിലിയനും എഥാനും. മുമ്പ് മാതാവും ദേശീയ ടീമിൽ പന്തുതട്ടിയവർ. പിതാവാകട്ടെ, ദേശീയ ടീം വരെയെത്തിയില്ലെങ്കിലും കളിയിൽ കേമനെന്നു തെളിയിച്ചവൻ. കെവിൻ ഡി ബ്രൂയിനും ബറ്റ്ഷൂയിയും ഗോൾവലക്കു മുന്നിൽ തിബോ കൊർട്ടുവയുമുള്ള ബെൽജിയം ടീം ഇത്തവണ കുതിപ്പു പ്രതീക്ഷിക്കുന്നത് എഡൻ- തോർഗൻ ഹസാർഡുമാരെ കൂടി കണ്ടാണ്.

### അറ്റ്ലറ്റിക്കിന്റെ സ്വന്തം വില്യംസ് സഹോദരന്മാർ:

ലാ ലിഗയിലെ അറ്റ്ലറ്റിക് ക്ലബ് അപൂർവമായാണ് വിദേശ താരങ്ങളെ, പ്രത്യേകിച്ചും ആഫ്രിക്കക്കാരെ ടീമിലേക്ക് വിളിക്കാറ്. എന്നാൽ, ബാസ്കിലെ അക്കാദമിയിൽ പന്തു തട്ടി തുടങ്ങി പിന്നീട് തിരിഞ്ഞുനോക്കിയിട്ടില്ലാത്ത വില്യംസ് സഹോദരന്മാർ ടീമിന്റെ മുന്നേറ്റത്തിലെ ഒഴിച്ചുകൂടാനാവാത്ത സാന്നിധ്യങ്ങളാണ്. ഇരുവരും ഇത്തവണ ലോകകപ്പിനെത്തുന്നുണ്ട്. പക്ഷേ, ഒരാൾ പിറന്ന നാടിനും രണ്ടാമൻ വളർന്ന നാടിനും വേണ്ടിയാണെന്ന വ്യത്യാസമുണ്ട്. ഇഫിയാക്കി വില്യംസ് ഘാന ടീമംഗമാണ്. ഇളയ സഹോദരൻ നിക്കോ വില്യംസ് സ്പെയിനിനു വേണ്ടിയും കളിക്കും. 2010ൽ രണ്ടു രാജ്യങ്ങൾക്കായി കളിച്ച ബോട്ടെങ് സഹോദരന്മാരുടെ ചരിത്രമാണ് ഇവർ ആവർത്തിക്കുന്നത്.

### ഫ്രാൻസിന്റെ സ്വന്തം ലൂക്കാസും തിയോയും:

ജർമനിയിലെയും ഇറ്റലിയിലെയും ഏറ്റവും കരുത്തരായ രണ്ടു ടീമുകൾക്കായി പന്തുതട്ടുന്ന രണ്ടു പേരാണ് ലുക്കാസ് ഹെർണാണ്ടസും (ബയേൺ), തിയോ ഹെർണാണ്ടസും (എ.സി മിലാൻ). ഇരുവരും പിൻനിരയിൽ നൽകുന്ന ഉറപ്പും കരുതലുമാണ് ഇരു ടീമുകളുടെയും മുന്നേറ്റങ്ങളിലെ പ്രധാന ഘടകങ്ങളിലൊന്ന്. സ്വാഭാവികമായും ദേശീയ ടീം സിലക്ഷനാകുമ്പോൾ രണ്ടു പേരും ഒന്നിച്ച് എത്തുക സ്വാഭാവികം.

### ഘാനക്ക് കൂട്ടാകാൻ ആയൂ ബ്രദേഴ്സ:

ആന്ദ്രേ ദെദെ ആയൂ, ജോർഡൻ ആയൂ എന്നിവർ ഏറെയായി ഘാന ടീമിലെ സ്ഥിരാംഗങ്ങളാണ്. ഒരാൾ നായകനാകുമ്പോൾ അപരൻ അതിലേറെ കരുത്തോടെ ടീമിൽ ഇടം ഉറപ്പാക്കിയവൻ. യൂറോപ്യൻ ലീഗുകളിൽ ഏറെനാൾ കളിച്ചതിനൊടുവിൽ ഖത്തർ ക്ലബിലാണ് ക്യാപ്റ്റൻ ദെദെ നിലവിൽ കളിക്കുന്നത് സഹോദരൻ ക്രിസ്റ്റൽ പാലസിലും. ഇരുവരെയും ഉൾപ്പെടുത്തിയതിനെതിരെ ഇത്തവണ വിവാദങ്ങളുണ്ടായെങ്കിലും മാറ്റിനിർത്തുന്നത് ആലോചിക്കാൻ പോലുമായിട്ടില്ലെന്ന് കോച്ച് പറയുന്നു.

## കൊച്ചിയിൽ ബ്ലാസ്റ്റേഴ്സ് ആരാധകരിൽ നിന്ന് മോശം അനുഭവം എന്ന പരാതിയുമായി എഫ് സി ഗോവ




കേരള ബ്ലാസ്റ്റേഴ്സിന്റെ അവസാന മത്സരം കാണാൻ ആയി കൊച്ചിയിൽ എത്തിയ എഫ് സി ഗോവ അരാധകർക്ക് മോശം അനുഭവമാണ് ഉണ്ടായത് എന്ന പരാതിയുമായി എഫ് സി ഗോവ.എഫ് സി ഗോവയുടെ ആരാധകർക്ക് കേരള ബ്ലാസ്റ്റേഴ്സ് സുരക്ഷ ഒരുക്കിയില്ല എന്നും എവേ സ്റ്റാൻഡിൽ ഗോവൻ ആരാധകർക്ക് ഏറെ പ്രയാസങ്ങൾ നേരിടേണ്ടി വന്നു എന്നും എഫ് സി ഗോവ ഇന്ന് നടത്തിയ ഔദ്യോഗിക പ്രസ്താവനയിൽ പറയുന്നു. എവേ സ്റ്റാൻഡ് എവേ ടീമുകൾക്ക് ഉള്ളത് ആണെങ്കിലും അവിടെ ബ്ലാസ്റ്റേഴ്സ് ആരാധകർ എത്തി പ്രശ്നങ്ങൾ ഉണ്ടാക്കി എന്ന ആരോപണം ഗോവൻ ഫാൻസ് കഴിഞ്ഞ ദിവസം ഉയർത്തിയിരുന്നു.ഇത് മാത്രമല്ല താരങ്ങളെ വാം അപ്പിന് സഹായിക്കുന്നതിനിടയിൽ ഗോവയുടെ ടെക്നിക്കൽ ടീമിലെ ഒരംഗത്തിന് കല്ലേറു കൊണ്ട് പരിക്കേറ്റു എന്നും ഗോവ ഔദ്യോഗിക പ്രസ്താവനയിൽ പറയുന്നു. ഈ സംഭവങ്ങൾ നിർഭാഗ്യകരമാണെന്നും ഇത്തരം സംഭവങ്ങൾ ഒഴിവാക്കേണ്ടതാണെന്നും അവർ പറയുന്നു.കേരള ബ്ലാസ്റ്റേഴ്സ് മാനേജ്മെന്റ് ഈ വിഷയത്തിൽ അന്വേഷണം നടത്തണം എന്നും നടപടികൾ എടുക്കണം എന്നും ഗോവ അറിയിച്ചു.

EDITORS CHOICE

# സഹിഷ്ണുതയ്ക്കുള്ള അന്താരാഷ്ട്ര ദിനം

സംസ്കാരങ്ങള്ക്കും ജനങ്ങള്ക്കുമിടയില് പരസ്പരധാരണ വളര്ത്തിക്കൊണ്ട് സഹിഷ്ണുത ശക്തിപ്പെടുത്തുന്നതിന് ഐക്യരാഷ്ട്രസഭ പ്രതിജ്ഞാബദ്ധമാണ്. വർദ്ധിച്ചുവരുന്ന അക്രമ തീവ്രവാദത്തിന്റെയും, മനുഷ്യജീവനോടുള്ള മൗലികമായ അവഗണനയുടെയും, വർദ്ധിച്ചുവരുന്ന സംഘട്ടനങ്ങളുടെയും ഈ കാലഘട്ടത്തിൽ വ്യക്തികൾക്കും, പ്രസ്ഥാനങ്ങൾക്കും രാഷ്ട്രങ്ങൾക്കും ഇടയിൽ സഹിഷ്ണുത വർധിപ്പിക്കേണ്ടത്, ഇന്നിന്റെ ആവശ്യമാണ്. ഈ അനിവാര്യതയ്ക്ക് ഐക്യരാഷ്ട്രസഭ ചാർട്ടറും ( **United Nations Charter** ) അതുപോലെ തന്നെ സാർവത്രിക മനുഷ്യാവകാശ പ്രഖ്യാപനവും (**Universal Declaration of Human Rights** ), വളരെയേറെ പ്രാധാന്യം കല്പിക്കുന്നുണ്ട്.1996-ൽ യുഎൻ ജനറൽ അസംബ്ലി, നവംബർ 16 ന് സഹിഷ്ണുതയ്ക്കുള്ള അന്താരാഷ്ട്ര ദിനം (**International Day of Tolerance** ) ആചരിക്കണമെന്ന് യുഎൻ അംഗരാജ്യങ്ങളോട് അഭ്യർത്ഥിച്ചു. 1993-ൽ യുനെസ്കോയുടെ മുൻകൈയിൽ യുഎൻ ജനറൽ അസംബ്ലി പ്രഖ്യാപിച്ച ഐക്യരാഷ്ട്രസഭയുടെ സഹിഷ്ണുതാ വർഷത്തിന്റെ തുടർന്നുള്ള നടപടിയായാണ്, നവംബർ 16, **International Day of Tolerance** ആയി ആചരിക്കാൻ തീരുമാനിക്കപ്പെട്ടതു. 1995ൽ ഐക്യരാഷ്ട്രസഭയുടെ സഹിഷ്ണുതാ വർഷവും മഹാത്മാഗാന്ധിയുടെ 125-ാം ജന്മവാർഷികവും ആഘോഷിക്കുന്നതിന് യുനെസ്കോ സഹിഷ്ണുതയുടെയും അഹിംസയുടെയും പ്രോത്സാഹനത്തിനായി ഒരു അവാർഡിന് രൂപം നൽകി. സഹിഷ്ണുതയുടെയും അഹിംസയുടെയും പ്രോത്സാഹനത്തിനുള്ള **UNSECO - MADANJEET SINGH** സമ്മാനം സഹിഷ്ണുതയുടെയും അഹിംസയുടെയും ആശയങ്ങളെയും അന്തസത്തയെയും പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ശാസ്ത്രീയ, കലാ, സാംസ്കാരിക, ആശയവിനിമയ മേഖലകളിലെ സുപ്രധാന പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായി അങ്ങനെ പ്രഖ്യാപിക്കപെട്ടതാണ്.നവംബർ 16 ലെ അന്താരാഷ്ട്ര സഹിഷ്ണുതാ ദിനത്തിൽ രണ്ടു വർഷത്തിലൊരിക്കൽ, സഹിഷ്ണുതയ്ക്കും അഹിംസയ്ക്കും ഗുണകരവും ഫലപ്രദവുമായ രീതിയിൽ സംഭാവന ചെയ്ത സ്ഥാപനങ്ങൾക്കോ സംഘടനകൾക്കോ വ്യക്തികൾക്കോ ഈ അവാർഡ് നൽകി വരുന്നു. 1995 നവംബർ 16-ന് അതിന്റെ അമ്പതാം വാർഷികത്തിനായി യുനെസ്കോയിലെ അംഗരാജ്യങ്ങൾ സഹിഷ്ണുതയെക്കുറിച്ചുള്ള തത്വങ്ങളുടെ പ്രഖ്യാപനം ( **Declaration of Principles on Tolerance**) സ്വീകരിച്ചു. നമ്മുടെ ലോക സംസ്കാരങ്ങളുടെ സമ്പന്നമായ വൈവിധ്യത്തെയും, നമ്മുടെ ആവിഷ് കാര രൂപങ്ങളെയും, മനുഷ്യത്വത്തിന്റെ ഗുണങ്ങളെയും, ബഹുമാനതോടും, മതിപ്പോടും, സഹോദര്യത്തോടും, സ്നേഹത്തോടും കാണുന്നതിനെയാണ് സഹിഷ്ണത എന്ന് ഈ പ്രഖ്യാപനം, അസന്നിഗ്ധമായി പറയുന്നു. ഈ ദിനത്തിൽ, നാം ഭാരതീയർ, അൽപനേരം, നമ്മുടെ ചുറ്റും സംഭവിക്കുന്ന, കഴിഞ്ഞ കുറച്ചു കാലമായി സംഭവിച്ചുകൊണ്ടിരിക്കുന്ന സ്ഥിതിഗതികളിലേക്കു ഒന്ന് തിരിഞ്ഞു നോക്കുന്നത് നല്ലതായിരിക്കും. നാനാത്വത്തിൽ ഏകത്വം എന്ന് തലയുയർത്തി പറയുകയും, അതിന്റെ അന്തസത്തയോട് നീതിപുലർത്താതിരിക്കുകയും ചെയ്യുന്ന ഒരു ജനസമൂഹമായി മാറുന്നില്ല നമ്മൾ എന് ചിന്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. മതത്തിന്റെയും, ജാതിയുടെയും, രാഷ്ട്രീയത്തിന്റയും പേരിൽ നാം നശ്ശിപ്പിച്ചു കൊണ്ടിരിക്കുന്നത്, ഒരിക്കൽ ലോകമെമ്പാടും പുകൾ കേട്ട ആർഷഭാരതസംസ്കാരം എന്ന സഹിഷ്ണതയിലും സഹവർത്തിത്വത്തിലും, സഹോദര്യത്തിലും ഊന്നി കെട്ടിപ്പടുത്ത ഒരു നാടിൻറെ ശ്വാസത്തെയാണ്.




RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran (Responsible for selection of news under PRB Act 1867), Executive Editor: K. R. Krishna Kumar. Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com